# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 24 | പേജ് 6 | ഒക്ടോബർ 16–31



2 1912–ൽ മലങ്കരയിൽ നടന്നത് കാതോലിക്കേറ്റ് സ്ഥാപനമോ പുനസ്ഥാപനമോ

3 ശതാബ്ദി നിഴലിൽ കാതോലിക്കേറ്റിന്റെ പ്രസക്തി

4 ധ്യാനപീഠം

5 ക്രിസ്ത്യാനികളും ജീവകാരുണ്യ പ്രവർത്തനങ്ങളും


## 1912–ലെ കാതോലിക്കേറ്റും 1934–ലെ ഭരണഘടനയും മലങ്കരസഭയുടെ സ്വാതന്ത്ര്യം അരക്കിട്ടുറപ്പിച്ചു : ജസ്റ്റിസ് സുരേന്ദ്ര മോഹൻ

കൊച്ചി : മലങ്കരസഭാചരിത്രത്തിലെ തിളക്കമേറിയ രണ്ടു സംഭവങ്ങളായിരുന്നു 1912-ലെ കാതോലിക്കേറ്റ് സ്ഥാപനവും 1934-ലെ ഭരണഘടനയുമെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സുരേന്ദ്രമോഹൻ അഭിപ്രായപ്പെട്ടു. നൂറ്റാണ്ടുകളായി പിതാക്കന്മാർ അനുഷ്ഠിച്ച ത്യാഗനിർഭരമായ പ്രവർത്തനങ്ങളുടെ പൂർത്തീകരണമാണ് കാതോലിക്കാ സ്ഥാപനത്തിൽ കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു ഭരണഘടന ഉണ്ടാകുന്നതിനുമുമ്പെ മലങ്കരസഭയ്ക്ക് ഒരു ഭരണഘടന ഉണ്ടായത് അഭിമാനകരമാണെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം തേജസ്സ് ഓഡിറ്റോറിയത്തിൽ നടന്ന കാതോലിക്കേറ്റ് ശതാബ്ദി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ജസ്റ്റിസ് സുരേന്ദ്രമോഹൻ.

കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ക്രിസ്തുസാക്ഷ്യം ഭംഗിയായി നിർവ്വഹിക്കുന്നതിന് സഭയ്ക്ക് നേതൃത്വം നൽകുകയാണ് കാതോലിക്കേറ്റിന്റെ ദൗത്യമെന്ന് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. സഭയുടെ എല്ലാ തലത്തിലും എല്ലാ അർത്ഥത്തിലും സ്വാതന്ത്ര്യം നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പു

(ശേഷം പേജ് 2-ൽ)

## മാർത്തോമ്മാശ്ലീഹായുടെ പൈതൃകത്തിൽ മലങ്കരസഭ അഭിമാനംകൊള്ളണം : തോമസ് മാർ അത്താനാസിയോസ്

ചെങ്ങന്നൂർ : മാർത്തോമ്മാശ്ലീഹായുടെ പൈതൃകത്തിലും, പാരമ്പര്യത്തിലും മലങ്കരസഭയുടെ പൗരാണികതയിലും സഭാമക്കൾ എന്നും അഭിമാനം കൊള്ളണമെന്ന് ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. അർക്കദിയാക്കോന്മാരുടെ നേതൃത്വത്തിൽ നൂറ്റാണ്ടുകളായി സുദൃഢമായ ഒരു ഭരണസംവിധാനം മലങ്കരസഭയിൽ നിലനിന്നതായി മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടി. അർക്കദിയാക്കോന്മാരുടെ പിൻഗാമികളായി മെത്രാന്മാരും മലങ്കര മെത്രാപ്പോലീത്താസ്ഥാനവും ഉണ്ടായി. മലങ്കരസമുദായത്തിന്റെ ചോദ്യംചെയ്യപ്പെടാനാവാത്ത നേതാക്കന്മാരായിരുന്നു അവർ. കാതോലിക്കാ സ്ഥാപനത്തോടെ എല്ലാ അധികാരവും കാതോലിക്കായിൽ വന്നുചേർന്നു -

(ശേഷം പേജ് 3-ൽ)

## ഭാരതീയം സന്ദേശയാത്ര പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും; മന്ത്രിമാരും ജനപ്രതിനിധികളും പങ്കെടുക്കുന്നു

തിരുവനന്തപുരം : തിരുവിതാംകോടുനിന്ന് ഒക്ടോബർ 20ന് ആരംഭിക്കുന്ന മാർത്തോമ്മൻ സ്മൃതി പൈതൃക സന്ദേശയാത്ര പ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. ഒക്ടോബർ 21 മുതൽ 28 വരെ തിരുവന്തപുരം, കൊട്ടാരക്കര-പുനലൂർ, കൊല്ലം, അടൂർ-കടമ്പനാട്, മാവേലിക്കര, തുമ്പമൺ, ചെങ്ങന്നൂർ, ഇടുക്കി, നിലയ്ക്കൽ, നിരണം എന്നീ തെക്കൻ ഭദ്രാസനങ്ങളിൽ നടക്കുന്ന സന്ദേശയാത്രയിൽ വിവിധ ഇടങ്ങളിൽ കെ.സി.വേണുഗോപാൽ, കെ.ബി.ഗണേഷ് കുമാർ, ഷിബു ബേബി ജോൺ, അടൂർ പ്രകാശ് തുടങ്ങിയ മന്ത്രിമാരും, പീതാംബര കുറുപ്പ് എം.പി., കൊടിക്കുന്നിൽ സുരേഷ് എം.പി., രമേശ് ചെന്നിത്തല, രാജു ഏബ്രഹാം, ജോസഫ് എം.പുതുശ്ശേരി, ബെന്നി കക്കാട്, ബാബു ജോർജ് (പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്) തുടങ്ങി എം.എൽ.എ.മാരും രാഷ്ട്രീയ സാമൂഹ്യനേതാക്കന്മാരും പങ്കെടുക്കും.

വിവിധ ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന സന്ദേശയാത്രയ്ക്ക് വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

## കേരളാ കോൺഗ്രസ്സ് നേതൃത്വം ഓർത്തഡോക്സ് സഭയുമായി കൂടുതൽ അടുക്കുന്നു; ജോസഫ് എം.പുതുശ്ശേരി പാർട്ടിയിൽ വീണ്ടും സജീവമാകുന്നു

കോട്ടയം : കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജോസഫ് എം.പുതുശ്ശേരിക്ക് തിരുവല്ലാ സീറ്റ് നിഷേധിച്ചതിലൂടെ ഓർത്തഡോക്സ് സഭയുമായി അകന്ന കേരളാ കോൺഗ്രസ്സ് നേതൃത്വം സഭയുമായി അടുക്കുന്നതിന്റെ ഭാഗമായി ജോസഫ് എം.പുതുശ്ശേരി വീണ്ടും പാർട്ടി നേതൃത്വത്തിൽ സജീവമാകുന്നു. ജോസഫ് എം.പുതുശ്ശേരിക്ക് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ തിരുവല്ലായിൽ സീറ്റ് നിഷേധിച്ചത് സഭാംഗങ്ങളുടെ ഇടയിൽ വ്യാപകമായ അതൃപ്തിക്ക് കാരണമായിരുന്നു. അതിന്റെ ഫലമായി തിരുവല്ലായിൽ യു.ഡി.എഫ്. പരാജയപ്പെടുകയും ചെയ്തു. പുതുശ്ശേരി ഫാക്ടറിന്റെ പ്രതിഫലനം മദ്ധ്യതിരുവിതാംകൂറിലെ പല നിയോജകമണ്ഡലത്തിലും യു.ഡി.എഫിന്റെ ഭൂരിപക്ഷം കുറയ്ക്കുന്നതിന് കാരണമായി. പാർട്ടിയുടെയും യു.ഡി.എഫിന്റെയും നേതൃത്വം അത് തിരിച്ചറിഞ്ഞാണ് ജോസഫ് എം.പുതുശ്ശേരി നേതൃത്വത്തിൽ സജീവമാകുന്നതിന് കളമൊരു

(ശേഷം പേജ് 6-ൽ)

## 1912–ൽ മലങ്കരയിൽ നടന്നത് കാതോലിക്കേറ്റ് സ്ഥാപനമോ പുനഃസ്ഥാപനമോ?

ഫാ.ഡോ.എം.ഒ.ജോൺ

**ആമുഖം**

1912-ൽ മലങ്കരയിൽ നടന്നത് കാതോലിക്കാ സ്ഥാപനമാണോ പുനസ്ഥാപനമാണോ എന്ന ചോദ്യം കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന പല സമ്മേളനങ്ങളിലും ക്ലാസ്സുകളിലും ചർച്ചകളിലും ഉയർന്നുവരുന്നുണ്ട്. ഇതിനെ സംബന്ധിച്ച് വളരെയധികം ചർച്ചകൾ പലയിടങ്ങളിലും പ്രത്യേകിച്ച് മലങ്കരസഭാദീപത്തിൽ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള പല ലേഖനങ്ങളിലും നടന്നിട്ടുണ്ടെങ്കിലും അവയിലൊക്കെ വന്ന ആശയങ്ങൾ പ്രസക്തമായതുകൊണ്ട് വീണ്ടും ഒരു ചർച്ചയ്ക്ക് മുതിരുന്നു.

**മലങ്കരസഭയുടെ ഔദ്യോഗിക നിലപാട്**

കാതോലിക്കേറ്റ് പുനഃസ്ഥാപനമാണ് 1912-ൽ മലങ്കരയിൽ നടന്നത് എന്നാണ് മലങ്കരസഭയുടെ ഔദ്യോഗിക നിലപാട്. മലങ്കരസഭാ ഭരണഘടനയുടെ 99-ാം വകുപ്പിൽ പറയുന്നത് ഇപ്രകാരമാണ്. "മലങ്കര ഉൾപ്പെട്ട പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ 1912-ൽ കാതോലിക്കാ സിംഹാസനം പുനസ്ഥാപിക്കപ്പെട്ടിട്ടുള്ളതും അന്നു മുതൽ ഈ സ്ഥാപനം പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ വ്യാപരിച്ചുവരുന്നതുമാകുന്നു". കാതോലിക്കാ സ്ഥാപനത്തിനുശേഷം ഔദ്യോഗികമായി സമർപ്പിക്കപ്പെട്ടിട്ടുള്ള മിക്കവാറും എല്ലാ രേഖകളിലും അക്കാലഘട്ടത്തിൽതന്നെ നടന്നിട്ടുള്ള കോടതിവ്യവഹാരങ്ങളിലും 1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് പുനസ്ഥാപിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനൊരു മാറ്റമുണ്ടായി 1912-ൽ കാതോലിക്കേറ്റ് പുനസ്ഥാപനമല്ല മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപനമാണ് നടന്നതെന്ന് പറയാൻ തുടങ്ങിയത് അടുത്ത കാലത്തു മാത്രമാണ്. "മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായതിന്റെ ശതാബ്ദി" ആഘോഷമെന്നാണ് ഇപ്പോൾ നടക്കുന്ന ശതാബ്ദി ആഘോഷങ്ങളെക്കുറിച്ചും സഭ ഔദ്യോഗികമായി സ്വീകരിച്ചിരിക്കുന്ന നിലപാട്.

**ചരിത്രരചനകൾ**

ഭാഗീകമായി ബാർ എബ്രായയുടെ സഭാചരിത്രം ആസ്പദമാക്കിയുള്ള ഒരു നിലപാടായിരുന്നു കാതോലിക്കേറ്റിന്റെ ആരംഭം സംബന്ധിച്ച് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭം മുതൽ മലങ്കരസഭയിൽ നിലനിർത്തിയിരുന്നത്. അതനുസരിച്ച് എഡി 231-നോടടുത്ത് പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെലൂഷ്യാ ടെസിഫോണിൽ കാതോലിക്കാ സ്ഥാനം ഉണ്ടായി എന്നു പറയുന്നു. ബാർ എബ്രായയുടെ സഭാചരിത്രത്തിൽ അന്നുമുതൽ മദ്ധ്യശതകങ്ങൾ വരെയുള്ള കാതേലിക്കാമാരുടെ ചരിത്രം നൽകുന്നുണ്ട്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായ ഒരു രീതിയിലാണ് കാതോലിക്കാമാരുടെ പിന്തുടർച്ച സംബന്ധിച്ച കഥ മലങ്കരസഭയിൽ പ്രചരിച്ചിരിക്കുന്നത്. പേർഷ്യയിലെ കാതോലിക്കാ അഞ്ചാം നൂറ്റാണ്ടിനുശേഷം നെസ്തോറിയൻ വിശ്വാസം സ്വീകരിച്ച് നെസ്തോറിയനായി. അപ്പോൾ സത്യവിശ്വാസികൾക്കുവേണ്ടി ഒരു (ബദൽ) കാതോലിക്കാ ഉണ്ടായി. ആ കാതോലിക്കായുടെ ആസ്ഥാനം തിഗ്രീസായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സെലൂഷ്യായിലെ കാതോലിക്കാ സ്ഥാനം തിഗ്രീസിലേക്ക് മാറ്റി സ്ഥാപിച്ചു എന്നു പറയുന്ന ഒരു ചരിത്രം മലങ്കരയിലുണ്ടായി. യഥാർത്ഥത്തിൽ കാതോലിക്കാ സ്ഥാനവും മഫ്രിയാനാ സ്ഥാനവും രണ്ടും രണ്ടാണ്. തിഗ്രീസിലെ സഭാധിപനെ ബാർ എബ്രായയുടെ ചരിത്രത്തിൽ മഫ്രിയാനാ എന്നു മാത്രമാണ് വിളിച്ചിരിക്കുന്നത്. പക്ഷെ മലങ്കരസഭയിൽ ആ സ്ഥാനിയെ കാതോലിക്കാ എന്ന് വിളിക്കുന്നു. അത് സെലൂഷ്യയിലെ സ്ഥാനത്തിന്റെ പിന്തുടർച്ചയായി പറയുകയും ചെയ്യുന്നു.

മലങ്കരസഭയിൽ പ്രചാരത്തിലുണ്ടായിരുന്ന ചരിത്രം അനുസരിച്ച് സെലൂഷ്യയിലെ കാതോലിക്കാ നെസ്തോറിയനായപ്പോൾ സത്യവിശ്വാസികൾ കാതോലിക്കാ സ്ഥാനം തിഗ്രീസിലേക്ക് മാറ്റി കാതോലിക്കായെ വാഴിച്ചു. അതു നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ വീണ്ടും നിന്നുപോയി. ആ സ്ഥാനം ആണ് 1912-ൽ മലങ്കരയിൽ പുനഃസ്ഥാപിച്ചത്. ഇതാണ് നമ്മുടെ ചരിത്രകാരന്മാരിൽ ഭൂരിപക്ഷവും പഠിപ്പിക്കുന്നത്.

**കാതോലിക്കാമാരുടെ ലിസ്റ്റ്**

മലങ്കരയിൽ അടുത്ത കാലത്ത് കാതോലിക്കാ പിന്തുടർച്ച സംബന്ധിച്ച് പലയിടങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലിസ്റ്റിൽ മാർത്തോമ്മാശ്ലീഹാ മുതൽ ഇപ്പോഴത്തെ കാതോലിക്കാ വരെയുള്ള കാതോലിക്കാമാരുടെ പേരുവിവരം നൽകിയിട്ടുണ്ട്. അതിൽ ഒന്നാമത്തെ കാതോലിക്കാ മാർത്തോമ്മാശ്ലീഹാ എന്നും പിന്തുടർച്ച അനുസരിച്ച് ഇപ്പോഴത്തെ കാതോലിക്കാ തൊണ്ണൂറ്റൊന്നാമത്തെ കാതോലിക്കാ എന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ ആദ്യത്തെ 29പേർ പേർഷ്യൻ സഭയുടെ അധിപന്മാരായ കാതോലിക്കാമാരായിരുന്നു. അവരുടെ പിന്തുടർച്ചക്കാർ നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചു. അതുകൊണ്ട് ലിസ്റ്റിൽ അവരുടെ പേരില്ല. ലിസ്റ്റിൽ അതിനുശേഷം ഉള്ള ആളുകൾ യാക്കോബായ വിശ്വാസത്തിൽ നിലനിന്നവരും 33-ാമത്തെ ആൾമുതൽ 83-ാമത്തെ ആൾവരെ ഉള്ളവർ തിഗ്രീസിലെ മഫ്രിയാനാമാരും 84-ാമത്തെ ആൾമുതൽ 91-ാമത്തെ ആൾവരെ ഉള്ളവർ മലങ്കരയിലെ കാതോലിക്കാമാരുമാണ്. ഈ പിന്തുടർച്ചാലിസ്റ്റ് അനുസരിച്ചും മലങ്കരയിൽ 1912-ൽ കാതോലിക്കേറ്റ് പുനസ്ഥാപിച്ചു എന്നാണ് പറയുന്നത്.

കാതോലിക്കേറ്റിനെപ്പറ്റി മലങ്കരയിൽ പ്രചരിപ്പിച്ചിട്ടുള്ള മുകളിൽപറഞ്ഞ കഥ അതേപോലെ സ്വീകരിക്കുവാൻ ശാസ്ത്രീയമായ ചരിത്രപഠനം നടത്തിയിട്ടുള്ള ചരിത്രകാരന്മാർക്ക് സാധിക്കുകയില്ല. സെലൂഷ്യയിലെ കാതോലിക്കാ സ്ഥാനം എന്നു പറയുന്നത് അവിടുത്തെ, അതായത് പുരാതന പേർഷ്യൻ സഭയിലെ പാത്രിയർക്കാ സ്ഥാനമാണ്. പേർഷ്യൻ സഭയുടെ പരമാധ്യക്ഷന്റെ സ്ഥാനമാണ്. ആ സഭ ഇപ്പോഴും നിലവിലുണ്ട്. അതിന്റെ തലവനായി ഒരു കാതോലിക്കാ (ഇപ്പോൾ അദ്ദേഹം പാത്രിയർക്കീസ് എന്നറിയപ്പെടുന്നു.)യും ഉണ്ട്. പേർഷ്യൻസഭ നിലവിലിരിക്കുകയും അതിന്റെ തലവനായ കാതോലിക്കാ

(ശേഷം പേജ് 2-ൽ)

# 1912–ൽ മലങ്കരയിൽ നടന്നത് കാതോലിക്കേറ്റ് സ്ഥാപനമോ പുനഃസ്ഥാപനമോ?

....പേജ് 1–ൽനിന്ന്

ജീവനോടെ ഇരിക്കുകയും ചെയ്യുമ്പോൾ എങ്ങനെയാണ് അദ്ദേഹത്തിന്റെ സ്ഥാനം മലങ്കരയിലേക്ക് മാറ്റി സ്ഥാപിച്ചു എന്ന് പറയുവാൻ സാധിക്കുന്നത്? ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുവാൻ സാധിക്കണം. പേർഷ്യൻസഭയിൽ സ്ഥാപിതമായ കാതോലിക്കാ സ്ഥാനം അനുസ്യൂതമായി അവിടെ തന്നെ നിലനിന്നുവരുമ്പോൾ അത് വേറൊരിടത്തേക്ക് അവരുടെ സമ്മതമില്ലാതെ വേറൊരു കൂട്ടം ആളുകൾ എടുത്തുമാറ്റിയതായി ചരിത്രമുണ്ടാക്കിയാൽ അത് യുക്തിസഹജമാവില്ലല്ലോ. മലങ്കരസഭയിലേക്ക് പേർഷ്യൻ സഭാതലവന്റെ സ്ഥാനമായ കാതോലിക്കാ സ്ഥാപനം എടുത്ത് സ്ഥാപിക്കുന്നതിന് മലങ്കരസഭയ്ക്ക് അധികാരമില്ലെന്നതുപോകട്ടെ. പേർഷ്യൻ സഭയിലുള്ളത് എടുത്ത് മലങ്കരസഭയിൽ സ്ഥാപിച്ചു പുനഃസ്ഥാപനമെന്നു വരുത്തിവെയ്ക്കാൻ അന്ത്യോഖ്യൻ പാത്രിയർക്കീസിനും എന്തധികാരമാണുള്ളത്. പേർഷ്യൻസഭയുടെ തലവൻ അല്ലല്ലോ അന്ത്യോഖ്യാ പാത്രിയർക്കീസ്. അതുകൊണ്ട് അന്ത്യോഖ്യൻ പാത്രിയർക്കീസ് മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചു അല്ലെങ്കിൽ പുനസ്ഥാപിച്ചു എന്നൊക്കെ പറഞ്ഞാൽ അവയൊന്നും മുഖവിലയ്ക്കെടുക്കാവുന്നതല്ല എന്നു ചുരുക്കം.

### തിഗ്രീസിലേക്ക് മാറ്റിയോ

പേർഷ്യയിലെ കാതോലിക്ക നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചു എന്നും തന്മൂലം സത്യവിശ്വാസികൾ കാതോലിക്കാ സ്ഥാനം സെലൂഷ്യയിൽനിന്ന് തിഗ്രീസ്സിലേക്ക് മാറ്റിസ്ഥാപിച്ചുവെന്നും ചിലർ പഠിപ്പിക്കുന്നുണ്ട്. ഇതും വസ്തുതകൾക്ക് നിരക്കുന്നതല്ല. തിഗ്രീസ് കേന്ദ്രമായി, അന്ത്യോഖ്യൻ സുറിയാനി (പാശ്ചാത്യ സുറിയാനിസഭ) സഭാവിശ്വാസികൾ താമസിക്കുന്നുണ്ടായിരുന്നു. അവർ പേർഷ്യൻ സഭാംഗങ്ങളായിരുന്നില്ല. അവരുടെ തലവനായി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുമതിയോടുകൂടി ഒരു മെത്രാപ്പോലീത്തായെ എ.ഡി.629–ൽ വാഴിച്ചു. അദ്ദേഹം മഫ്രിയാനാ എന്ന് പിന്നീട് അറിയപ്പെട്ടു. അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പരമാധികാരം അംഗീകരിച്ചിരുന്ന പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയുമായിരുന്നു. തെഗ്രീസിലെ മഫ്രിയാനയെ 13–ാം നൂറ്റാണ്ടിൽപോലും വെറും മഫ്രിയാനാ എന്നു മാത്രമാണ് വിളിച്ചുപോന്നിരുന്നത്. അതു മാത്രമല്ല പേർഷ്യൻസഭയുടെ കാതോലിക്കാ സ്ഥാനമാണ് മഫ്രിയാനയുടേതെന്ന് മഫ്രിയാനയോ മഫ്രിയാനയുടെ ഭാഗത്തുള്ള ഏതെങ്കിലും ആളുകളോ ഒരു കാലത്തും അവകാശവാദം ഉന്നയിച്ചിട്ടില്ല. എന്നു മാത്രമല്ല ആധുനിക കാലത്തെ ചിലരുടെ, പ്രത്യേകിച്ച് മലങ്കരയിലെ ചില ചരിത്രകാരന്മാരുടെ വ്യഥാവാദമാണ് പേർഷ്യൻ കാതോലിക്കാ നെസ്തോറിയൻ ആയിതീർന്നതുകൊണ്ട് അതിനുപകരം സ്ഥാപിച്ചതാണ് മഫ്രിയാനാസ്ഥാനം എന്ന അവകാശവാദം.

മഫ്രിയാനാസ്ഥാനവും കാതോലിക്കാസ്ഥാനവും രണ്ടും രണ്ടുസ്ഥാനങ്ങളാണ്. രണ്ടുവ്യത്യസ്ത സഭകളിൽ നിലനിന്നിരുന്ന സ്ഥാനവുമാണ്.

### പുനഃസ്ഥാപനമോ?

കാതോലിക്കാ പരിപൂർണ്ണസ്വതന്ത്രനായിരുന്നു. മഫ്രിയാനാ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയായിരുന്നു. മഫ്രിയാനായെ നിയമിച്ചിരുന്നത് പാത്രിയർക്കീസിന്റെ അംഗീകാരത്തോടുകൂടിയായിരുന്നു. പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ 17–ാം നൂറ്റാണ്ടിൽ കൂടിയ ഒരു സുന്നഹദോസ് മഫ്രിയാനാസ്ഥാനം നിർത്തൽചെയ്തു. ആ സ്ഥാനമാണോ മലങ്കരയിൽ 1912–ൽ പുനഃസ്ഥാപിച്ചത്? അങ്ങനെയെങ്കിൽ അദ്ദേഹം പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയല്ലേ? മലങ്കരയിൽ 1912ൽ സ്ഥാപിച്ചതോ പുനസ്ഥാപിച്ചതോ കാതോലിക്കേറ്റല്ല എന്നിരിക്കട്ടെ. അത് മഫ്രിയാനാ സ്ഥാനമായിരുന്നു എന്ന് വിചാരിക്കുക. അങ്ങനെയെങ്കിൽ ആ സ്ഥാനം മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ അല്ല വിളംബരം ചെയ്യുന്നത് മറിച്ച് അടിമത്വത്തെയാണ്. ഈ സാഹചര്യത്തിൽ കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുകയും, കാതോലിക്കാ സ്വതന്ത്രനാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന മലങ്കരസഭയ്ക്ക് എങ്ങനെ പറയുവാൻ സാധിക്കും 1912ൽ മലങ്കരയിൽ തിഗ്രീസ്സിൽനിന്ന് മഫ്രിയാനേറ്റ് പുനഃസ്ഥാപിച്ചുവെന്ന്?

പൗരസ്ത്യദേശത്തെ 91–ാമത്തെ കാതോലിക്കാ എന്ന് പ.കാതോലിക്കാ ബാവായെ വിളിക്കുമ്പോൾ അദ്ദേഹത്തിന്റെ മുൻഗാമികളായ 29പേർ പേർഷ്യൻ സഭാതലവന്മാരായ പാത്രിയർക്കീസന്മാർ അഥവാ കാതോലിക്കാമാരാണ്. ശേഷമുള്ള 50 പേർ (83–ാമത്തെ ആൾവരെ) വ്യക്തമായും തിഗ്രീസിലെ മഫ്രിയാനാമാരാണ്. ഇതിനിടയ്ക്കുവരുന്ന നാലുപേർ യാക്കോബായക്കാരായിരുന്നു എന്നതു ശരിയാണെങ്കിലും അവരെ മഫ്രിയാനാമാരെന്നു വിളിച്ചിട്ടില്ല. ശേഷമുള്ള ഏഴുപേർ മലങ്കരയിലെ കാതോലിക്കാമാരും. ഇവരിൽ പേർഷ്യയിലെ കാതോലിക്കാമാരുടെയോ അതോ തിഗ്രീസിലെ മഫ്രിയാനാമാരുടെയോ ആരുടെ പിൻഗാമികളാണ് മലങ്കരയിലെ കാതോലിക്കാമാർ എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകാൻ പുനസ്ഥാപനം നടന്നു എന്നു പറയുന്നവർക്കു സാധിക്കണം. മഫ്രിയാനാസ്ഥാനവും കാതോലിക്കാസ്ഥാനവും രണ്ടും രണ്ടുസ്ഥാനങ്ങളാണ്. രണ്ടുവ്യത്യസ്ത സഭകളിൽ നിലനിന്നിരുന്ന സ്ഥാനവുമാണെന്ന് ഒരിക്കൽക്കൂടി ഓർക്കുക. അതേപോലെ കാതേലിക്കാ പരിപൂർണ്ണ സ്വതന്ത്രനും മഫ്രിയാനാ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയും ആയിരുന്നു എന്നും ഓർക്കുക. അതുപോലെതന്നെ 1912–ൽ മലങ്കരയിൽ കാതോലിക്കാ സ്ഥാപനം നടത്തിക്കൊണ്ട് പ.അബ്ദേദു മശിഹാ പാത്രിയർക്കീസ് രണ്ടു കല്പനകൾ (സ്താത്തിക്കോൻ) പുറപ്പെടുവിച്ചു അതിലൊന്നിലും മലങ്കരയിൽ നടന്നത് കാതോലിക്കേറ്റ് പുനസ്ഥാപനമാണെന്നു പറയുന്നില്ല എന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

അബ്ദേദു മ്ശിഹായുടെ ഒന്നാമത്തെ സ്ഥാത്തിക്കോനിൽ പറഞ്ഞിരിക്കുന്നത് : നിരണത്ത് വി.ദൈവമാതാവിന്റെ പള്ളിയിൽവെച്ച് മലങ്കരയിലെ മെത്രാപ്പോലീത്തന്മാരുടെ തലവനായ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായോടും ശേഷം മേൽപട്ടക്കാരോടും ദയറാക്കാരോടും ശെമ്മാശ്ശന്മാരോടും വിശ്വാസികളുടെ ഒരു വലിയ സമൂഹത്തോടും കൂടി മ്ശിഹാകാലം 1912 കന്നിമാസം രണ്ടാം തീയതി ഞായറാഴ്ച സന്നിഹിതനായി നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മീയവാത്സല്യവാനായ ഈവാനിയോസിനെ ബസ്സേലിയോസ് എന്ന നാമധേയത്തിൽ മഫ്രിയാനായായി കിഴക്കിന്റെയും അതായത് ഇന്ത്യയിലും മറ്റുമുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കാ ആയി നാം പട്ടംകൊടുത്തിരിക്കുന്നു.

രണ്ടാമത്തെ സ്ഥാത്തിക്കോനിൽ പറഞ്ഞിരിക്കുന്നത് : നിങ്ങളുടെ ഇടയന്മാർ (അതായത്) കാതോലിക്കായും മെത്രാപ്പോലീത്തന്മാരും നിങ്ങൾക്കുള്ള സകല ആവശ്യങ്ങളെയും നിവർത്തിക്കുമെന്ന് നാം ശരണപ്പെടുന്നു. കാതോലിക്കാ മെത്രാപ്പോലീത്തന്മാരോടുകൂടെ നമ്മുടെ പ.പിതാക്കന്മാരുടെ കാനോനുകൾക്കനുസരണമായിട്ടു നിങ്ങൾക്കു മേൽപട്ടക്കാരെ വാഴിക്കുകയും വി.മൂറോൻ കൂദാശ ചെയ്യുകയും ചെയ്യും. കാതോലിക്കാ നിര്യാണം പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിൽ ഒരു കാതോലിക്കായെ വാഴിക്കാൻ നിങ്ങളുടെ മെത്രാന്മാർക്ക് അധികാരവും അവകാശവും ഉണ്ട്.

ഈ സ്താത്തിക്കോനുകൾ സ്വതന്ത്രമായ ഒരു കാതോലിക്കേറ്റിന്റെ പ്രഖ്യാപനമാണ്.

ഈ പശ്ചാത്തലത്തിലാണ് മലങ്കരയിലെ കാതോലിക്കാസ്ഥാനം സംബന്ധിച്ച് ഒരു പുനരാഖ്യാനം ആവശ്യമായി വരുന്നത്.

### പുനരാഖ്യാനം

പാത്രിയർക്കീസ്, കാതോലിക്കോസ് തുടങ്ങിയ സ്ഥാനങ്ങൾ സഭയിലെ പൗരോഹിത്യ സ്ഥാനങ്ങളുടെ ക്രമാനുസൃതവും ചരിത്രപരവുമായ വളർച്ചയുടെ ഭാഗമാണ്. അപ്പോസ്തോലിക സഭയിൽ ആദികാലത്ത് അപ്പോസ്തോലന്മാരുടെ പിൻഗാമികളായി എപ്പിസ്കോപ്പന്മാരും പ്രസ്ബിറ്റർമാരുമൊക്കെയുണ്ടായിരുന്നു. പിന്നെ ഭദ്രാസന മെത്രാപ്പോലീത്തന്മാരുണ്ടായി. ആ സ്ഥാനികളിൽ ചിലർ രാഷ്ട്രീയവും സാമുദായികവും സഭാപരവുമായ കാരണങ്ങളാൽ മെത്രാപ്പോലീത്തന്മാരായി. പിന്നീട് അവരിൽ ചിലർ പാത്രിയർക്കീസന്മാരായി. ഈ വളർച്ച എല്ലാ സഭകളിലും ഒരേ കാലത്തോ ഒരുപോലെയോ അല്ല ഉണ്ടാകുന്നത്. ആദ്യമായി 325ലെ നിഖ്യാസുന്നഹദോസിൽവെച്ച് റോമിലെയും അലക്സന്ത്ര്യയിലെയും അന്ത്യോഖ്യയിലെയും ബിഷപ്പന്മാർക്ക് മറ്റുള്ള ബിഷപ്പന്മാരേക്കാൾ മുൻഗണന ലഭിക്കുന്നു. അതാണ് പിന്നീട് പാത്രിയർക്കാ സ്ഥാനമായി വളരുന്നത്. ഇതേ കാലഘട്ടത്തിൽതന്നെ പേർഷ്യൻസഭയിൽ കാതോലിക്കാ സ്ഥാനം ഉണ്ടായി. 381 -ൽ കൂടിയ കുസ്തന്തീനോപോലീസിലെ സുന്നഹദോസ് കുസ്തന്തീനോപോലീസിലെ എപ്പിസ്കോപ്പായ്ക്കും റോം കഴിഞ്ഞുള്ള അധികാര അവകാശങ്ങളും സ്ഥാനബഹുമാനങ്ങളും നൽകി. 451–ലെ കൽക്കദൂനാ സുന്നഹദോസ് യെറുശലേമിലെ ബിഷപ്പിനും പ്രധാന സ്ഥാനം നൽകുന്നു. ഈ സ്ഥാനങ്ങളെയാണ് പിൽക്കാലത്ത് പാത്രിയർക്കാ സ്ഥാനങ്ങളായി ചിത്രീകരിച്ചിട്ടുള്ളത്. ഇങ്ങനെ അഞ്ചാം നൂറ്റാണ്ടിലെ റോമാസാമ്രാജ്യത്തിലെ സഭയിൽ അഞ്ചു പാത്രിയർക്കാ സ്ഥാനങ്ങൾ ഉണ്ടായിരുന്നു. മദ്ധ്യശതകങ്ങളിൽ മറ്റ് ഓർത്തഡോക്സ് സഭകളിലും പാത്രിയർക്കാ സ്ഥാനങ്ങളുണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിലാണ് റഷ്യയിൽ പാത്രിയർക്കാ സ്ഥാനം ഉണ്ടാകുന്നത്. 1885–ലാണ് റുമേനിയായിൽ പാത്രിയർക്കാ സ്ഥാനം ഉണ്ടാകുന്നത്. 1879–ൽ ആണ് സെർബിയയിൽ പാത്രിയർക്കാ സ്ഥാനം ഉണ്ടാകുന്നത്. 1883–ലാണ് ബൾഗേറിയായിൽ പാത്രിയർക്കാ സ്ഥാനം ഉണ്ടാകുന്നത്. 1958–ൽ ആണ് എത്യോപ്യയിൽ പാത്രിയർക്കാസ്ഥാനം ഉണ്ടാകുന്നത്. ഇത് 1912–ൽ മലങ്കരയിലും സംഭവിച്ചു എന്നു പറയുന്നതിൽ ഒട്ടും അഭിമാനക്കുറവ് തോന്നേണ്ട കാര്യമില്ല. ലോകത്ത് മറ്റെല്ലാ സഭകളിലും ആത്മീയ അധികാരസ്ഥാനങ്ങളുടെ വളർച്ച ഉണ്ടായതുപോലെ മലങ്കരയിൽ കാതോലിക്കാ സ്ഥാപനം ഉണ്ടായി എന്നു പറയുവാൻ സാധിക്കണം.

1912ൽ ഇവിടെ നടന്ന സംഭവം മലങ്കരസഭാ ചരിത്രത്തിൽ ഘട്ടംഘട്ടമായി ഉണ്ടായ ഒരു വളർച്ചയുടെ പൂർത്തീകരണമാണ്. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ തന്നെ മലങ്കരസഭയിൽ ഒരു അധികാരസ്ഥാനമോ ഭരണ കേന്ദ്രമോ ഉണ്ടായിരുന്നു. മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമികളായ സഭാതലവന്മാർ അർക്കദിയാക്കോൻ എന്ന് അറിയപ്പെട്ടിരുന്നു. 17–ാം നൂററാണ്ടിൽ അർക്കദിയാക്കോൻ സ്ഥാനി മെത്രാനായി. ആ മെത്രാൻസ്ഥാനം പിന്നീട് മലങ്കര മെത്രാപ്പോലീത്തയായി. 1912ൽ കാതോലിക്കാ ആത്മീയാധികാര കേന്ദ്രവും സഭാ തലവനുമായി. 1934ൽ ലൗകിക അധികാര കേന്ദ്രമായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കായിൽ നിക്ഷിപ്തമായി. കാതോലിക്കാ സ്ഥാനം മാർത്തോമ്മാശ്ലീഹായുടെ കാലംമുതലുള്ള അപ്പോസ്തോലിക പിന്തുടർച്ചയുടെ പ്രതീകമായി മനസ്സിലാക്കുവാൻ മലങ്കരസഭയ്ക്ക് സാധിക്കണം. 1912–ൽ ഈവാനിയോസ് മെത്രാപ്പോലീത്തായെ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കാ ആയി ആണ് വാഴിച്ചിരുന്നത് എന്നു മനസ്സിലാക്കുക.

യഥാർത്ഥത്തിൽ കാതോലിക്കാ “പുനഃസ്ഥാപനം” നടന്നു എന്ന് പറയേണ്ടത് 20–ാം നൂററാണ്ടിന്റെ ആരംഭത്തിൽ മലങ്കര സഭയുടെ ആവശ്യമായിരുന്നു. മുളന്തുരുത്തി സുന്നഹദോസും റോയൽ കോടതി വിധിയും മുഖേന അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ ആത്മീയ അധികാരത്തെ മലങ്കരസഭ അംഗീകരിച്ചു. റോയൽകോടതിവിധിയുടെ പശ്ചാത്തലത്തിൽ പാത്രിയർക്കീസിന്റെ അധികാരം നിഷേധിക്കാതെ ഉൾഭരണ സ്വാതന്ത്ര്യം പ്രാപിക്കുവാൻ മലങ്കരസഭ ആസൂത്രണം ചെയ്ത ഒരു പരിപാടിയാണ് മഫ്രിയാനാ സ്ഥാനം പുനഃസ്ഥാപിക്കുക എന്നത്. പരിപൂർണ്ണ സ്വതന്ത്രമായ ഒരു കാതോലിക്കാ സ്ഥാപനമുണ്ടായാൽ മർത്തോമ്മാക്കാരെപ്പോലെ പുതിയ സഭ സ്ഥാപിച്ചു എന്ന ആരോപണം ഉണ്ടാകുമായിരുന്നു. മാത്രമല്ല പാത്രിയർക്കീസിനെ പരിപൂർണ്ണമായി ഉപേക്ഷിക്കണം എന്ന ചിന്ത വാസ്തവത്തിൽ ഇവിടില്ലായിരുന്നു. അതുകൊണ്ടാണ് പാത്രിയർക്കീസിനെതന്നെ ക്ഷണിച്ചുവരുത്തി 1912–ൽ കാതോലിക്കാ സ്ഥാപനം നടത്തിയത്.

പരിമിതമായ അധികാരാവകാശങ്ങളെ 1912ൽ ഉദ്ദേശിച്ചിരുന്നുള്ളു. അന്നത്തെ സഭാപരവും ചരിത്രപരവുമായിരുന്ന സാഹചര്യങ്ങളിൽ അത്രമാത്രമെ സാധ്യമാകുമായിരുന്നുള്ളു. എന്നാൽ ഇന്ന് ആ നിലയിൽ നിന്നെല്ലാം വളരെയധികം ഉയർന്നിട്ടുണ്ട്, കതോലിക്കായുടെ സ്ഥാനവും നിലയും. അതിവിടുത്തെ ചരിത്രത്തിന്റെ വളർച്ചയാണ്. മലങ്കരയിലെ കതോലിക്കാ സ്ഥാപനം ഇവിടെയുണ്ടായി വളർന്ന് വികസിച്ചു വന്ന ഒരു സ്ഥാനമാണ്. ഈ സഭയുടെപൂർണ്ണ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണത്. അത് എന്നും വളരണം.

## ശതാബ്ദി ആഘോഷങ്ങൾ സഭാംഗങ്ങളിൽ ചരിത്ര ബോധവും ആത്മാഭിമാനവും ഉണ്ടാക്കുവാൻ ഇടയാകണം : ഡോ.യൂഹാനോൻ മാർ തേവോദോറോസ്

കൊട്ടാരക്കര : കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷങ്ങൾ സഭാംഗങ്ങളിൽ ചരിത്ര ബോധവും ആത്മാഭിമാനവും ഉണ്ടാക്കുവാൻ ഇടയാകണമെന്ന് കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിന്റെ ഡോ.യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ പറഞ്ഞു. കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടപ്പുറം സെമിനാരിയിൽ നടന്ന ചരിത്രസെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഫാ.ഡോ.എം.ഒ.ജോൺ മുഖ്യപ്രഭാഷണം നടത്തി. വൈദികർ, സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു. 1912–ൽ കാതോലിക്കേറ്റ് സ്ഥാപനത്തെ എതിർത്തുനിന്നവരിൽ അനേകർ കാതോലിക്കേറ്റിനെ അംഗീകരിച്ചതും പിൽക്കാലത്ത് കാതോലിക്കേറ്റിന്റെ കീഴിൽ വന്നതും മലങ്കരസഭയുടെ വിജയമാണെന്ന് ഫാ.ഡോ.എം.ഒ.ജോൺ പറഞ്ഞു. പാത്രിയർക്കീസ് വിഭാഗം ഒരു കാതോലിക്കായെ തന്നെ വാഴിച്ചത് കാതോലിക്കാ സ്ഥാനത്തെ അവഗണിക്കാൻ സാധിക്കാത്തതുകൊണ്ടാണെന്നും അത് കാതോലിക്കേറ്റിനു ലഭിച്ച മികച്ച അംഗീകാരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

### 1912–ലെ....

പേജ് 1–ൽനിന്ന്

വരുത്താനുള്ള ചുമതല കാതോലിക്കേറ്റിനുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വാതന്ത്ര്യമെന്നാൽ അധികാരഘടനയുടെയോ സ്ഥാനമാനങ്ങളുടെയോ മാത്രം കാര്യമല്ലെന്നും അത് സഭാധികാരിയുടെ മാത്രം സ്വാതന്ത്ര്യമല്ലെന്നും ഇടവകതലം മുതൽ ക്രിസ്തു സാക്ഷ്യം നിർവ്വഹിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കലാണ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഫാ.ഡോ.എം.ഒ.ജോൺ ശതാബ്ദി സന്ദേശം നൽകി മുഖ്യപ്രഭാഷണവും നടത്തി. നൂറ്റാണ്ടുകളായുള്ള പിതാക്കന്മാരുടെ പോരാട്ടത്തിന്റെ പരിണിതഫലമാണ് കാതോലിക്കാ സ്ഥാപനമെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ നൂറ്റാണ്ടിൽ പിതാക്കന്മാർ അനുഷ്ഠിച്ച ത്യാഗത്തിനുള്ള നന്ദിപ്രകടനമാണ് ഇപ്പോൾ നടക്കുന്ന ശതാബ്ദി ആഘോഷമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജസ്റ്റിസ് ജോൺ മാത്യു, കൊച്ചി ഭദ്രാസന സെക്രട്ടറി ഫാ.പി.ഐ.വർഗീസ്, ഫാ.കെ.വൈ. ചാക്കോച്ചൻ, പി.എ.അലക്സാണ്ടർ തുടങ്ങിയവർ പ്രസംഗിച്ചു. പാലാരിവട്ടം സെന്റ് ജോർജ് ക്വയർ ഗാനങ്ങൾ ആലപിച്ചു.

# ശതാബ്ദി നിഴലിൽ കാതോലിക്കേറ്റിന്റെ പ്രസക്തി

അനീഷ് ബാബു ഹരിപ്പാട്

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ കാതോലിക്കാ പുനസ്ഥാപനത്തിന്റെ ശതാബ്ദിയുടെ നാൾവഴികളിലൂടെ കടന്നുപോകുവാൻ തയ്യാറെടുക്കുകയാണല്ലോ. പൂർവ്വപിതാക്കന്മാരുടെ പുണ്യത്തിനും സുകൃതജീവിതത്തിനും ദൈവം കനിഞ്ഞരുളിയ വരദാനമാണ് കാതോലിക്കേറ്റ് എന്നതിന് സംശയമില്ല. ലോകത്തിലെ ഏത് പുരാതനസഭയോടും കിടപിടിക്കത്തക്ക അപ്പോസ്തോലികവും പൗരാണികവുമായ ഒരു അടിത്തറ നമ്മുടെ സഭയ്ക്കുണ്ട്. ഭാരതത്തിൽ സ്വതന്ത്രമായി ഈ സഭ വളർന്നുവെങ്കിലും ക്രിസ്തീയ ലോകത്തിലെ മറ്റു പൗരാണിക സഭകളിൽനിന്നും ഒറ്റപ്പെട്ടല്ല ഇവിടുത്തെ സഭാസമൂഹം നിലനിന്നിരുന്നത്. വിദേശസഭകളുമായി ബന്ധം ഉണ്ടായിരുന്ന അവസരങ്ങളിലെല്ലാം ഭാരതസഭ അതിന്റെ തനിമയും ഉൾഭരണ സ്വാതന്ത്ര്യവും നിലനിർത്തുവാൻ യത്നിച്ചിരുന്നു. തലമുറകളായി കൈമാറിവന്ന ആ സ്വാതന്ത്ര്യബോധം തീവ്രമായി ഇന്നും തുടരുന്നു എന്നത് പ്രസക്തമാണ്. മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിന് ചരിത്രപരവും തദ്ദേശീയവുമായ പല കാരണങ്ങളുമുണ്ടായിരുന്നു. 1912-ൽ മാത്രമാണ് കാതോലിക്കേറ്റ് സ്ഥാപിതമായെങ്കിലും അതിനും മുമ്പെ അതിനു പ്രേരകമായ പല സാഹചര്യങ്ങളും ഇവിടെ നിലനിന്നിരുന്നു. 1912-ലെ ചരിത്രപശ്ചാത്തലം കാതോലിക്കാ സ്ഥാപനത്തിന് അനുയോജ്യമായിരുന്നു. മുളന്തുരുത്തി സുന്നഹദോസും, റോയൽകോടതിവിധിയും മറ്റും മുമ്പില്ലാതിരുന്ന പല അധികാരവകാശങ്ങളും പാത്രിയർക്കീസിനു നൽകി അതിൽനിന്നും സഭയെ രക്ഷിക്കുവാനുള്ള ശ്രമമാണ് സത്യത്തിൽ കാതോലിക്കാ സ്ഥാനത്തിൽ കലാശിച്ചത്. പൗരാണികതയുടെയും സ്വാതന്ത്ര്യബോധത്തിന്റെയും പ്രതീകമായ കാതോലിക്കേറ്റിന്റെ സമകാലീനപ്രസക്തിയെക്കുറിച്ച് അല്പം ചിന്തിക്കാം.

കാതോലിക്കേറ്റ് സ്വാതന്ത്ര്യത്തിന്റെ പ്രതീകം

പ്രശസ്തമായ കവിവചനം ഇങ്ങനെയാണ് പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം. ഭാരതസഭയുടെ കാര്യത്തിലും പാരതന്ത്ര്യം മൃതിയേക്കാളും ഭയാനകമായിതീർന്ന നാൾവഴിയിലാണ് പ.വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ സഭാനൗക പുതിയ മേച്ചിൽപുറങ്ങൾ തേടിയിറങ്ങുന്നത്. മലങ്കര സഭ വഴിയെ പോകുന്ന ആർക്കും കൊട്ടാവുന്ന ചെണ്ടയാണെന്നും പൂരപറമ്പിലെ കത്തിക്കരിഞ്ഞ നിലാത്തിരിയാണെന്നും കരുതിയവർക്ക് പ.വട്ടശ്ശേരിൽ തിരുമേനിയുടെ രംഗപ്രവേശനത്തോടെ അനധികൃതമായി എന്തെങ്കിലും വിത്ത് വിളവെടുക്കാമെന്ന വ്യാമോഹം സാധിക്കാതെ വന്നു എന്നതാണ് ചരിത്രസത്യം. മലങ്കരസഭയെ തന്റെ നിയന്ത്രണത്തിലാക്കുവാൻ അബ്ദുള്ള പാത്രിയർക്കീസ് പല ശ്രമങ്ങളും നടത്തി. 1911ൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുകയും ചെയ്തതോടെ ഇനിയും ഒരിക്കലും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഇടപെടലുകൾ ഉണ്ടാകാത്തവിധം പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് സഭ തീരുമാനിച്ചു. അതനുസരിച്ച് 1912 സെപ്റ്റംബർ 15 ഞായറാഴ്ച നിരണം പള്ളിയിൽ പ.വട്ടശ്ശേരിൽ തിരുമേനിയുടെയും മറ്റു മെത്രാന്മാരുടെയും സഹകരണത്തിൽ മാർ ഈവാനിയോസ് മെത്രാനെ പ്രഥമ കാതോലിക്കാ ആയി മാർ ബസേലിയോസ് എന്ന പേരിൽ അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് വാഴിച്ചു. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതുകൊണ്ട് കാതോലിക്കേറ്റ് ഉടനെ ഉടലെടുത്തു എന്നു പറയുന്നതിൽ തെറ്റില്ല. ദാവീദ് എന്ന ഇടയചെറുക്കന്റെ കയ്യിൽ ഇത്തിരിപോന്ന കല്ലുകൾകൊടുത്ത് ഗോലിയാത്തിന്റെ മുന്നിലേക്ക് വിട്ട ദൈവം. അബ്ദുള്ള പാത്രിയർക്കീസ് എന്ന ഗോലിയാത്തിനെ നേരിടുവാൻ അബ്ദേദു മ്ശിഹാ എന്ന പാത്രിയർക്കീസിനെ സഭാഭാസുരനായ വട്ടശ്ശേരിൽ തിരുമേനിയുടെ കരങ്ങളിൽവെച്ചുകൊടുത്തു. ഇനി ഈ സഭയ്ക്ക് പല ദൂരങ്ങളും താണ്ടുവാനുണ്ട്. കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ പര്യാപ്തമായി ഈ സഭ പല മേച്ചിൽപ്പുറങ്ങളിലും പുതിയ ദിശാബോധത്തോടെ ഇറങ്ങിത്തിരിക്കേണ്ടിയിരിക്കുന്നു. ദീർഘവീക്ഷണമുള്ള അത്മായ വൈദിക നേതാക്കന്മാർ കണ്ടെത്തപ്പെടുകയും നേതൃനിരയിലേക്ക് പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം. സഭാസ്ഥാനങ്ങൾ അലങ്കാരമായും അഹങ്കാരമായും കാണാതെ ദൈവനിയോഗമായി മനസ്സിലാക്കണം. കുടിൽരഹിതസഭയെന്ന അസോസിസേയഷൻ സെക്രട്ടറിയുടെ ദർശനം ഒരു തുടക്കമായി കാണാം. ഈ സഭയുടെ അടിസ്ഥാനം അത്മായരും വൈദികരുമാണ്. വൈദികർ കേവലം തൊപ്പി (തൊണ്ട) തൊഴിലാളികളായി തരംതാഴ്ത്തപ്പെടുവാൻ തിരുസഭ അനുവദിച്ചുകൂടാ. ശമ്പളവും പെൻഷനും ഇൻഷ്വറൻസും മറ്റും കാലോചിതമായി പരിഷ്ക്കരിക്കപ്പെടണം. ഭരണപരമായതും സാമ്പത്തികപരവുമായ മേഖലകളിൽ പരിജ്ഞാനം ഇടവക ശുശ്രൂഷയിൽ പ്രധാനമാണ്. ആയതിലേക്ക് ആ തരത്തിലുള്ള അറിവുകളും പകർന്നുകൊടുക്കുവാൻ വൈദികസെമിനാരിയിൽ പാഠ്യവിഷയങ്ങളുടെ കൂടെ അതും ഉൾപ്പെടുത്തണം. ആത്മീയപ്രസ്ഥാനങ്ങൾ കേവലം ചടങ്ങുകളായി നോക്കിക്കാണാതെ തിരുസഭയുടെ സജീവശ്രദ്ധ ഉണ്ടാവണം. നാളെകളിൽ സഭയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ ആത്മീയരാക്കുവാൻ പങ്കുവഹിക്കുന്ന സണ്ടേസ്ക്കൂൾ പ്രസ്ഥാനം വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും താൽപര്യക്കുറവുമൂലം മുരടിച്ചുതുടങ്ങുകയാണ്. ഭൗതികനേട്ടങ്ങൾക്ക് വേണ്ടി കുഞ്ഞുങ്ങളെ ദൈവത്തിൽനിന്ന് അകറ്റുന്ന മാതാപിതാക്കന്മാർ നമ്മുടെ നാട്ടിൽ വർദ്ധിക്കുകയാണ്. സണ്ടേസ്ക്കൂൾ പത്താംക്ലാസ്സ് പാസ്സാകാത്തവർക്ക് വിവാഹസർട്ടിഫിക്കറ്റ് കൊടുക്കുകയില്ലെന്ന നിയമം കൊണ്ടുവരേണ്ടിയിരിക്കുന്നു. വിലയില്ലാത്ത വിദ്യയായി സണ്ടേസ്ക്കൂൾ അധ്യയനം മാറിയതല്ലെ പ്രധാന കാരണം. ഈ സഭയുടെ പത്താംക്ലാസ്സ് പാസ്സായതുകൊണ്ട് ആർക്ക് എന്തുഗുണം എന്ന ചോദ്യം സ്വാഭാവികമല്ലെ. വിലകൂടിയ സ്വർണ്ണത്തിന്റെ ഒരു ഗ്രാം സ്വർണ്ണം ഫ്രീയായിട്ട് ആർക്കെങ്കിലും നൽകിയാലും ആദ്യം അവർ പറയുക ഇത് വ്യാജമായിരിക്കും. ഇത് ഒറിജിനൽ ആകാൻ വഴിയില്ല എന്നല്ലെ. അഭ്യസ്ഥവിദ്യരായ അനേകം ചെറുപ്പക്കാർ ഈ സഭയിലുണ്ട്. ഈ സഭയ്ക്ക് അവരോട് യാതൊരു ഉത്തരവാദിത്വവും ഇല്ല. മറ്റ് സഭകളിലെ സ്ഥാപനങ്ങളിൽ അഭിമുഖ പരീക്ഷയ്ക്ക് പോകുമ്പോൾ ആ സഭാംഗമല്ലാത്ത ഒറ്റക്കാരണംകൊണ്ട് ഒന്നാം റാങ്ക് നേടിയവർപോലും പിൻതള്ളപ്പെട്ടുപോകുന്നത് പതിവു കാഴ്ചയാണ്. പത്തിൽപത്തില്ലെങ്കിലും ഒരു സീറ്റെങ്കിലും യോഗ്യത മാനദണ്ഡമാക്കി മാറ്റിവെയ്ക്കുവാനുള്ള ആർജ്ജവത്വം ഈ നൂറ്റാണ്ടിൽ സഭ കാട്ടുമോ. തിരുസഭയുടെ പേര് ഉപയോഗിച്ച് ന്യൂനപക്ഷ അധികാരങ്ങളും അവകാശങ്ങളും നേടിയെടുത്തിട്ട് ഈ സഭയിലെ പിതാക്കന്മാരുടെ നിർദ്ദേശങ്ങൾക്ക് പുല്ലുവില കല്പിക്കുന്ന സ്ഥാപനങ്ങളോട് തുമ്മിയാൽ തെറിക്കുന്നത് വേണ്ടെന്ന് വെയ്ക്കുവാനുള്ള തന്റേടം കാട്ടുവാൻ നട്ടെല്ലുള്ള ഒരു ആത്മീയ നേതൃത്വം ഏതു നൂറ്റാണ്ടിൽ തിരുസഭയിൽ ഉയർന്നുവരും.

## മാർത്തോമ്മാശ്ലീഹായുടെ....പേജ് 1-ൽനിന്ന്

മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ബഥേൽ അരമനയിൽ നടന്ന കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മെത്രാപ്പോലീത്താ. ഫാ.ഡോ.എം.ഒ.ജോൺ ശതാബ്ദി പ്രഭാഷണം നടത്തി. മാർത്തോമ്മാശ്ലീഹായുടെ കാലം മുതലുള്ള മലങ്കരസഭാ പൗരോഹിത്യ സ്ഥാനങ്ങളുടെ ക്രമാനുഗതമായ വളർച്ചയാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിൽ കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഭദ്രാസന സെക്രട്ടറി ഫാ.മാത്യു വർഗീസ്, ഫാ.രാജൻ വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

# പൊതുജനസമ്പർക്ക പരിപാടി സഭാതലത്തിൽ

ശാമുവൽ മാത്യു കുടശ്ശനാട്

കഴിഞ്ഞവർഷം ആർഭാടപൂർവ്വം നടത്തപ്പെട്ട ബഹു.മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടി തികച്ചും സ്വാഗതാർഹമായിരുന്നു. നിസ്സഹായരും നിരാലംബരുമായ പലർക്കും ഈ പരിപാടി ആശ്വാസകരമായിരുന്നു. ന്യൂനപക്ഷത്തിന്റെ എങ്കിലും പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു. ഇതേ മാതൃകയിൽ സഭാതലത്തിൽ പ.ബാവാ തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടെ ഒരു പൊതുജനസമ്പർക്ക പരിപാടി ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായി തീർന്നിരിക്കുന്നു. സഭാംഗങ്ങൾ ദൈനംദിനം അവഗണിക്കപ്പെടുന്നു. അവരുടെ പരാതികളും അഭിപ്രായങ്ങളും ആവലാതികളും കേൾക്കാൻ ആരും ഇല്ലെന്നായിരിക്കുന്നു. ഗത്യന്തരമില്ലാതെ നിരാശരായി പലരും ഓർത്തഡോക്സ് സഭ വിട്ട് ഇതരസഭകളിലേക്ക് ചേക്കേറുന്നു. ഇതിനൊരു പരിഹാരം കാണാൻ സത്വര നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ ഭരണകർത്താക്കൾക്ക് ആരെയും ഭരിക്കാനില്ലാത്ത ഒരു സ്ഥിതിവിശേഷം വന്നുകൂടായ്കയില്ല.

ഒരു എളിയ സഭാംഗമെന്ന നിലയിൽ എന്റെ അഭിപ്രായം ഇവിടെ രേഖപ്പെടുത്തുന്നു, ഒരപേക്ഷപോലെ. സഭയിലെ എല്ലാ ഇടവകകളും സന്ദർശിക്കുവാനും സഭാംഗങ്ങളുടെ ആവലാതികളും അഭിപ്രായങ്ങളും കേൾക്കുവാനും ഒരു മൂന്നംഗ കമ്മീഷനെ നിയോഗിക്കുക - തീരുമാനം കൈക്കൊള്ളാനുള്ള അധികാരം നൽകി. അവർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ മൂന്നിൽ രണ്ടുപേരുടെ അഭിപ്രായം അന്ത്യതീരുമാനമായി കണക്കിലെടുക്കാനാണ് മൂന്നുപേർ (നമ്മുടെ ഇലക്ഷൻ കമ്മീഷൻ പോലെ).

ഈ കമ്മീഷന്റെ ഇടവക സന്ദർശനം (പകരം ഓരോ ഭദ്രാസനകേന്ദ്രത്തിലും ഒന്നു രണ്ടുദിവസം തമ്പടിച്ചും) മുൻകൂട്ടി നിശ്ചയിച്ച് കൃത്യ തീയതിയും സമയവും ഇടവകാംഗങ്ങളെ രണ്ടാഴ്ച മുമ്പെങ്കിലും അറിയിക്കണം. ഇടവകാംഗങ്ങൾക്ക് ഒറ്റയ്ക്കോ, ഗ്രൂപ്പായോ നിശ്ചയിച്ച സമയത്ത് കമ്മീഷൻ മുമ്പാകെ ഹാജരായി എല്ലാം തുറന്നു പറയാവുന്നതാണ്. കമ്മീഷൻ അംഗങ്ങൾക്കു പുറമെ ആരുംതന്നെ അവരോടൊപ്പം ഉണ്ടാവാൻ പാടില്ല. ഓരോരുത്തർക്കും പറയാനുള്ളത് കമ്മീഷൻ ക്ഷമയോടെ കേൾക്കുകയും രേഖപ്പെടുത്തുകയും വേണം. ഉടനെ തീരുമാനം കൈക്കൊള്ളാനാവാത്ത വിഷയമാണെങ്കിൽ കമ്മീഷൻ സാവകാശം (ഒരു മാസത്തിനകമെങ്കിലും) തീരുമാനം കൈക്കൊണ്ടു പരാതിക്കാരനെ വിവരം അറിയിക്കേണ്ടതാണ്. കമ്മീഷൻ പ്രവർത്തിക്കുന്നതു പക്ഷാഭേദമോ ആരോടും വിധേയത്വമോ ഇല്ലാതെ ആവണം. അവരുടെ തീരുമാനം ചോദ്യം ചെയ്യപ്പെടാനാവാത്തവിധം വ്യക്തവും സുതാര്യവും ആയിരിക്കണം. സഭാനേതൃത്വം അതംഗീകരിക്കുകയും വേണം.

സഭാംഗങ്ങളെക്കൂടി വിശ്വാസത്തിൽ എടുക്കാതെ ഒരു സഭ നിലനിൽക്കുകയില്ല. ഓരോരുത്തർക്കും അവരവരുടെ അനുഭവങ്ങൾ അനുസരിച്ചു പലതും പറയാനുണ്ടാവും. ചിലതൊക്കെ (ചിലതുമാത്രം) കഴമ്പില്ലാത്തതാവാം, ബാലിശമാവാം. എങ്കിൽപോലും അവരെ കേൾക്കുവാനും അവരെ കരുതുന്നുവെന്ന ബോധ്യം അവർക്കുണ്ടാവാനും ഒരു ക്രമീകരണം സഭാതലത്തിൽ ഉണ്ടാവുന്നതു സഭയുടെ ശ്രേയസ്സ് വർദ്ധിപ്പിക്കുകയേയുള്ളൂ. കലവറയില്ലാതെ ഏവരും സഭയെ സ്നേഹിക്കുകയും ചെയ്യും.

## സർക്കാർ മദ്യവില്പനയിൽ നിയന്ത്രണം ഏർപ്പെടുത്തണം

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം കേരളത്തെ സംബന്ധിച്ചിടത്തോളം അതീവ ഗുരുതരമായ സാമൂഹ്യപ്രശ്നമായി വളർന്നിട്ടുണ്ട്. മദ്യവിപത്തിനെതിരെ മതസാമൂഹ്യ സംഘടനകൾ കൂടുതൽ സജീവമായി പ്രവർത്തിച്ച് വ്യാപകമായ പ്രചാരണങ്ങളും ബോധവൽക്കരണവും നടത്തണം. മദ്യോപയോഗം കുറയ്ക്കാൻ ഉദ്ദേശിച്ച സംസ്ഥാനത്ത് മദ്യവില്പനയ്ക്ക് സമയം പരിമിതപ്പെടുത്തുവാനുള്ള ബഹു ഹൈക്കോടതിയുടെ നിർദ്ദേശം വളരെ വിലപ്പെട്ടതും സ്വാഗതാർഹവുമാണ്. മദ്യപാനത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ വിലയിരുത്തി ബഹു.ഹൈക്കോടതിയുടെ നിർദ്ദേശങ്ങളോട് അനുകൂലമായ പ്രായോഗികമായ നടപടി സമൂഹനന്മയെ ആഗ്രഹിക്കുന്ന സർക്കാരിൽനിന്ന് അടിയന്തിരമായി ഉണ്ടാകണം.

**ജോൺ വർഗീസ് മോളേത്ത്, അടൂർ**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**സാറാമ്മ ഉമ്മൻ, കോട്ടയം**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ജേക്കബ് റാന്നി**

# അലങ്കാരങ്ങളുടെ വ്യർത്ഥത

## ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

### സ്ലീബാ പെരുന്നാളിനു ശേഷം അഞ്ചാം ഞായർ

**വേദഭാഗം വി.മത്തായി 23:1-12**

പരീശർക്കും ശാസ്ത്രികൾക്കും എതിരെ തുറന്ന യുദ്ധമാണ് യേശുതമ്പുരാൻ നടത്തുന്നത്. സാധാരണ ജനത്തിനുവേണ്ടി ഘനമുള്ള ചുമടൊരുക്കുന്ന നേതൃത്വം കർമ്മങ്ങളിൽനിന്ന് ഒളിച്ചോടുന്നതിനെ ക്രിസ്തു വിമർശിക്കുന്നു. സാമൂഹ്യബന്ധങ്ങളിൽ താഴ്മയുടെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ടാണ് ഈ വേദഭാഗം അവസാനിക്കുന്നത്. ഈ ഞായറാഴ്ചകളിലെ വേദഭാഗങ്ങളിലെല്ലാം ജീർണ്ണിച്ചുതുടങ്ങിയ മതപരവും സാമൂഹ്യപരവുമായ സംവിധാനങ്ങളിലെ പാളിച്ചകൾക്കെതിരെ ശക്തമായ ഭാഷയിൽ വ്യക്തതയോടെ ക്രിസ്തുവിന്റെ നാവ് ചലിക്കുകയാണ്.

### അലങ്കാരങ്ങളുടെ വ്യർത്ഥത

എല്ലാം മനുഷ്യർ കാണേണ്ടതിന് അത്രെ ചെയ്യുന്നത് (വാക്യം 5). അഹംഭാവത്തിന്റെ ഉൽപ്പന്നമാണ് പ്രകടനപരത. അതുപോലെ തന്നെ ആത്മാർത്ഥതയില്ലാത്ത അലങ്കാരങ്ങൾ കപടതയുടെ ഉത്പന്നമാണ്. അത്തരം അലങ്കാരങ്ങളിൽ അഹംഭാവിയുടെ ആന്തരിക പൊള്ളത്തരങ്ങൾ മറച്ചുപിടിക്കപ്പെടുന്നുണ്ട്. വീതികൂട്ടിയ മന്ത്രപട്ടുകളും വലുതാക്കിയ തൊങ്ങലുകളും അതിന്റെ ഉദാഹരണമാണ്. പിശാചുമായി കൂട്ടുകൂടിയ ആദവും ഹവ്വായും അവരുടെ നീറുന്ന കുറ്റബോധത്തെയും ആന്തരിക പൊള്ളത്തരത്തെയും ഒഴിപ്പിക്കാൻ അത്തിയിലകൾ കൂട്ടിത്തുന്നി പുതിയ അലങ്കാരങ്ങളുണ്ടാക്കുന്നു. അതിൽ അവർക്ക് ഒന്നും മറച്ചുപിടിക്കാനാവുന്നില്ല. ആദമെ നീയെവിടെ? എന്ന ഒറ്റ ചോദ്യത്തിനുമുമ്പിൽ അവരുടെ അലങ്കാരങ്ങളെല്ലാം അഴിഞ്ഞുപോകുന്നുണ്ട്. സ്വന്തം നിസ്സാരതയെക്കുറിച്ചുള്ള ആഴമായ ധ്യാനം മനുഷ്യനെ അലങ്കാരങ്ങളോടകറ്റും. മരണവീടുകളിലെ കറുത്ത നിറങ്ങൾ നമ്മോട് വിളിച്ചുപറയും. എത്രയൊരുങ്ങിയിട്ടും നമുക്കൊരു തൃപ്തിയില്ല. ഫെയർനെസ് ക്രീമുകളും ടാൽകം പൗഡറുകളും പൊന്നിന്റെ തിളക്കവും നമുക്ക് അലങ്കാരങ്ങളെ സമ്മാനിക്കുന്നുണ്ട്. ആനന്ദം അന്യമാകുകയും ചെയ്യുന്നു. ഉൽപത്തി പുസ്തകത്തിലെ രണ്ടു ഭാഗങ്ങളിൽ ഒരു മനുഷ്യൻ അലങ്കാരങ്ങൾ അണിയുകയും അതേ മനുഷ്യൻ അലങ്കാരങ്ങൾ ഉരിയുന്നതും നാം കാണുന്നു. യാക്കോബാണ് ആ മനുഷ്യൻ. ആദ്യത്തേത് ഉൽപത്തി 27ന്റെ 15,16 വാക്യങ്ങളിലാണ്. അപ്പന്റെ ബലഹീനതയെ ചൂഷണം ചെയ്യുവാൻ കോലാട്ടിൻ ഇറച്ചിയുമായി ദേഹം മുഴുവൻ രോമാവൃതമാക്കി അലങ്കാരങ്ങളുടെ പുതിയ രൂപവുമായി നിൽക്കുകയാണ്. ഇവിടെയയാൾ കാപട്യത്തിന്റെ ആൾരൂപമാണ്. ഇതേ യാക്കോബ് മറ്റൊരു പുതുവഴിയിൽ നിൽക്കുന്നത് നാം കാണുന്നു. വേദപുസ്തകത്തിന്റെ ആറേഴു താളുകൾ മറിക്കുമ്പോൾ (37ന്റെ 4). മകന്റെ വിയോഗം അറിയുന്ന നേരത്ത് യാക്കോബ് വസ്ത്രം കീറി രട്ടുടുക്കുന്നു. അലങ്കാരങ്ങളഴിച്ചുകളയുന്നു. ഇപ്പോളയാൾ ശുദ്ധനാണ്. ഉൽപത്തി 37ന്റെ 29ൽ പറയുന്നു രൂബേൻ വസ്ത്രം കീറുന്നതും പുത്രന്മാരും സമ്പത്തും നഷ്ടപ്പെടുമ്പോൾ ഇയ്യോബ് മേലങ്കി വലിച്ചുകീറുന്നതും (ഇയ്യോബ് 1:20). നിനുവേ നിവാസികൾ രട്ടുടുക്കുന്നതും ഒക്കെ അവരവരുടെ നിർമ്മലതയിലേക്കുള്ള തിരിച്ചുപോക്കിനെ സൂചിപ്പിക്കുന്നു. വേദപുസ്തകത്തിൽ മനുഷ്യൻ അലങ്കാരങ്ങളുപേക്ഷിച്ച് രട്ടുടുക്കുന്നത് ദൈവതിരുമുമ്പാകെ സ്വന്തം ആത്മാവിനെ പ്രദർശിപ്പിക്കാനുള്ള തീഷ്ണമായ വികാരത്തിന്റെ പ്രതിബിംബീകരണമാണ്. കപടതയുടെ അലങ്കാരങ്ങളണിഞ്ഞ സകലർക്കുവേണ്ടിയും കാൽവറിയിൽ ഒരു കുരിശ് ഉയർന്നിരുന്നു. ഓർമ്മകളിലേക്കോടിവരുന്നു ക്യംതായുടെ സന്ധ്യാഗീതം.

നഗ്നതയാൽ നീ ഇലകൾ ചാർത്തി

നഗ്നതയോടെന്നെയവർ തൂക്കി

ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ

ക്രിസ്തുവാണ് പുതിയ വസ്ത്രം നിങ്ങൾ ക്രിസ്തുവിനെ ധരിക്കുവിൻ (റോമർ 13:4).

### അഹത്തിന്റെ താഴികക്കുടങ്ങൾ

തന്നെത്താൻ ഉയർത്തുന്ന പ്രകടനപരതയെ കർത്താവ് ശാസിക്കുന്നു. അഹത്തിന്റെ അല്പത്തരങ്ങളാകുന്ന നീർക്കുമിളകൾ ഉടഞ്ഞുപോകുന്നിടത്ത് ഉയർച്ചയുടെ പടവുകൾ തെളിയുമെന്ന് കർത്താവ് പഠിപ്പിക്കുന്നു. ഒരാൾക്ക് ഞാൻ എന്ന ഭാവത്തെക്കുറിച്ച് അമിതമായി ബോധമുണ്ടാകുന്നത് മൂന്ന വസ്ഥകളിലാണെന്ന് പറയും.

1. ഒരാൾക്ക് ശ്രദ്ധകിട്ടുന്നില്ലെങ്കിൽ

2. ശ്രദ്ധ നഷ്ടപ്പെടുന്നു എന്ന തോന്നലുണ്ടാകുമ്പോൾ

3. ഒരാൾക്ക് ശ്രദ്ധ പ്രത്യേകമായി ലഭിക്കുമ്പോൾ

പരീശവർഗ്ഗം അങ്ങാടിയിലും അരങ്ങത്തും മേൽപറഞ്ഞ മൂന്ന് അവസ്ഥകളുടെയും ഇരകളാകുന്നുണ്ട്. അത്തിമരത്തിന്റെ ഉയരങ്ങളിൽനിന്ന് സക്കായിമാർ ഇറങ്ങിവരുന്നിടത്താണ് പുതിയ നിലപാടുകൾ രൂപപ്പെടുന്നത്. ഒരു ചിന്തകൻ ഇങ്ങനെ ഓർമ്മിപ്പിക്കുന്നുണ്ട്. കൊടുങ്കാറ്റിൽ വൻമരങ്ങൾ പൊരുതിനിൽക്കുന്നു. എന്നാൽ ചിലപ്പോൾ വേരോടെ പിഴുതെറിയപ്പെടുന്നു. എന്നാൽ പുല്ലുകളോ യാതൊരു പ്രതിരോധവും കൂടാതെ താഴുക മാത്രം ചെയ്യുന്നു. ഒരിക്കൽ കാറ്റ് അപ്രത്യക്ഷമായാൽ പുല്ല് തിരികെ വരുന്നു. പക്ഷെ വൻമരങ്ങൾ ഒരിക്കലും തിരിച്ചുവരുന്നില്ല. രണ്ടു വെള്ളത്തുണികൾക്കിടയിലുള്ള നമ്മുടെ ഈ ചെറിയ ജീവിതത്തെക്കുറിച്ച് എപ്പോഴും ധ്യാനിക്കണം. ഒന്നാമത്തേത് പ.മാമോദീസായിൽ വി.മൂറോൻ പുരണ്ട വെള്ളത്തുണിയിൽ നാമെങ്ങനെ കിടക്കും. പ്രയത്നങ്ങളിൽനിന്നുള്ള വിശ്രമത്തിനും യുദ്ധങ്ങളിൽനിന്നുള്ള സംരക്ഷണത്തിനും വിശുദ്ധരോടുകൂടിയുള്ള ആനന്ദത്തിനുമായി....... ഈലോകജീവിതം അവിടെ തീരുകയായി. ഒന്നുമില്ലാത്തവനായി ഒരാൾ ജനിക്കുന്നു ഒന്നുമില്ലാത്തവനായി ഒരാൾ മരിക്കുന്നു. ജനനത്തിനും മരണത്തിനും ഇടയ്ക്കുള്ള സമയം അയാൾ ആരോ ആകാൻ ശ്രമിക്കുകയാണ്. എന്തോ ആകാൻ നോക്കുകയാണ്. എന്നിലെ ഈഗോ, ദുരഭിമാനം, അഹംബോധം ഇവയെല്ലാം എന്റെ സത്തയെ നശിപ്പിക്കുന്നുണ്ട്. എന്റെ ഇടപെടലുകളുടെ പരിസരങ്ങളെ മലീമസമാക്കുന്നുണ്ട്. കുറേക്കൂടി ഭേദപ്പെട്ട രീതിയിൽ പലതും കഴിഞ്ഞ കാലങ്ങളിൽ ചെയ്യാമായിരുന്നുവെന്നും പല ആന്തരീക സംഘർഷങ്ങളിൽനിന്നും മാറിനിൽക്കാമായിരുന്നുവെന്നും ഇപ്പോൾ തോന്നുന്നില്ലെ. കർത്താവിനെ നോക്കൂ. ആരിലും ഒന്നും അടിച്ചേൽപ്പിച്ചില്ല. സ്വത്വബോധം ചോദ്യം ചെയ്യപ്പെട്ടപ്പോൾപോലും കർത്താവിന്റെ ഈഗോ ഉണരുന്നില്ല.

### സ്ലീബാ പെരുന്നാളിനു ശേഷം ആറാം ഞായർ

**വേദഭാഗം വി.ലൂക്കോസ് 18:18-27**

യേശുതമ്പുരാന്റെ അടുക്കൽ നിത്യജീവന്റെ ട്യൂഷൻ ക്ലാസ്സിനുവരുന്ന പ്രമാണിയുമായി കർത്താവിന്റെ സംവാദമാണ് ഈ വേദഭാഗത്തു കാണുന്നത്. യെരുശലേമിലേക്കുള്ള യേശുതമ്പുരാന്റെ പര്യടനത്തിന്റെ ഏകദേശം അവസാനഭാഗത്തു നടക്കുന്ന ഒരു സംഭവമായി ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. മികവിന്റെ കൂടെ അടയാളങ്ങളും പേറി വന്ന പ്രമാണി ധനത്തിന്റെ കാര്യത്തിലേക്ക് ചർച്ചകൾ പ്രവേശിച്ചപ്പോൾ തിടുക്കത്തിൽ തടിതപ്പുന്നത് വിവരിച്ചുകൊണ്ട് വേദഭാഗം അവസാനിക്കുന്നു.

### സുഖത്തിൽനിന്നും ആനന്ദത്തിലേക്കുള്ള ക്ഷണം

നിത്യജീവനെ കാംക്ഷിച്ച പ്രമാണി ധനവാനായിരുന്നു. ചെറുപ്പം മുതൽ നല്ല മൂല്യങ്ങളെ പിൻപറ്റിയ അയാൾ ധനസുഖത്തെ കിനാവുകണ്ട് ജീവിക്കുന്ന വ്യക്തിയായിരുന്നു. ആ സുഖമെല്ലാം ഉടച്ചുകളയുക പിന്നെ എന്നെ അനുഗമിച്ച് ആനന്ദത്തിലേക്ക് വരിക എന്നു പറയുന്നു. അതയാളെ ദുഃഖിതനാക്കി തീർക്കുന്നു. എല്ലാ മനുഷ്യരും സുഖലോലുപതയിൽ വിരാജിക്കുന്നവരാണ്. ആനന്ദം അതിനു പുറത്താണ്. ഈ സുഖലോലുപതയുടെ കാര്യത്തിൽ മനുഷ്യരും മൃഗങ്ങളും ഒരുപോലെയാണ്. അതിനപ്പുറം ആനന്ദം മൃഗങ്ങൾക്ക് അന്വേഷണമില്ല. മനുഷ്യന് അതിനു സാധുതയുണ്ട്. ശരീരത്തിന് സുഖം മാത്രം മതി. എന്നാൽ മനുഷ്യന് ശരീരം മാത്രമല്ല ആത്മാവ്കൂടിയുള്ളതിനാൽ ക്രിസ്തീയ ആനന്ദംകൂടി വേണം. സുഖങ്ങൾകൊണ്ട് മനുഷ്യൻ മടുക്കും. ഇപ്പോഴുള്ള വിഭവങ്ങളും ഉപകരണങ്ങളും ആദ്യത്തെ സുഖം പിന്നീട് തരികയില്ല. മദ്യപാനം സുഖകരമായേക്കാം. എന്നാൽ പിന്നീട് അതൊരു വേദനയായി മാറിയേക്കാം. അനുഗ്രഹത്തിന്റെ ആനന്ദത്തിലേക്ക് വിളിക്കപ്പെട്ടയാളാണ് യൂദാസ്. തെന്നിമാറി മുപ്പതുവെള്ളിക്കാശിന്റെ സുഖത്തിലേക്ക് വീണപ്പോൾ ആഗ്രഹിച്ചത് അവന് കിട്ടി. പക്ഷെ അതവനെ നിരാശകൊണ്ട് നിറച്ചു. പത്രോസും യോഹന്നാനും ഗോപുരവാതിൽക്കൽ നിൽക്കുമ്പോൾ ഭിക്ഷ ചോദിച്ചവനോട് പറഞ്ഞത് ഞങ്ങളെ നോക്കൂ എന്നാണ്. വല്ലതും കിട്ടും എന്നു കരുതി അയാൾ അവരെ സൂക്ഷിച്ചുനോക്കി. വെള്ളിയും പൊന്നും എനിക്കില്ല. എനിക്കുള്ളതു നിനക്കു തരുന്നു എന്നു പറഞ്ഞപ്പോൾ അവൻ ആഗ്രഹിച്ചത് നാണയത്തുട്ടുകളുടെ സുഖമായിരുന്നുവെങ്കിൽ അവന് പകർന്നു കിട്ടിയത് അവനെ അനുഗമിക്കാനുള്ള നിത്യാനന്ദത്തിലേക്കുള്ള വരമാണ്. അവൻ പത്രോസിനോടും യോഹന്നാനോടും പിന്നെ ചേർന്നു നിൽക്കുന്നു. മനുഷ്യന് സുഖത്തിനുള്ള സാധ്യതകൾ കൂടുകയും സംതൃപ്തി കുറയുകയും ചെയ്യുന്ന ഒരു കാലമാണിത്. ഒരു കാര്യം നിരീക്ഷിക്കുക. സുഖത്തോടുള്ള നിന്റെ ആഗ്രഹം വർദ്ധിച്ചപ്പോൾ ആ സുഖം തരുന്ന സംതൃപ്തി കുറഞ്ഞുപോയിട്ടില്ലെ. മയക്കുമരുന്നിന് അടിമയായവർ സുഖം നിലനിർത്തണമെങ്കിൽ മരുന്നിന്റെ ഡോസ് വർദ്ധിപ്പിക്കണം. സംതൃപ്തി കുറയുന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ജീവിതശാസ്ത്രം ശരിയാണെന്ന് തോന്നുന്നുണ്ടോ. സുഖത്തിനുവേണ്ടിയാണ് നീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെങ്കിൽ എന്തുകൊണ്ട് പ്രായമാകുംതോറും സുഖം ആസ്വദിക്കാനുള്ള നിന്റെ കഴിവ് വർദ്ധിക്കുന്നതിനു പകരം കുറയുന്നു. എത്രയും ധനവാനായവൻ എന്ന് സുവിശേഷം വിളിച്ചയാളുടെ അടുത്ത നിമിഷത്തെ വിളിപ്പേര് അതിദുഃഖിതൻ എന്നാണ്. എല്ലാവർക്കും ഒരു സന്ദേശമാണിത്. എത്ര കംഫർട്ടബിൾ ആകുന്തോറും അവിടെ ആനന്ദത്തേക്കാൾ ദുഃഖത്തിനുള്ള സാധ്യത അടുത്തനിമിഷംതന്നെയുണ്ട്.

### ഇന്നുവരെയില്ലാത്ത പോരാട്ടം

എന്നെ അനുഗമിക്കുക എന്ന കല്പന കൊടുക്കുന്നതിലൂടെ ആ ധനവാനെ അനുസരണത്തിലേക്ക് കർത്താവ് വിളിക്കുന്നു. എന്നാൽ ബാല്യം മുതൽ ന്യായപ്രമാണത്തിന്റെ സകല കല്പനകളും പാലിച്ചിരുന്ന വ്യക്തി ഇവിടെ വലിയ ഒരു പോരാട്ടത്തിലാണ്. ക്രിസ്തീയ ജീവനകല എന്നുവെച്ചാൽ അനുസരണത്തിന്റെ ജീവിതമാണ്. ആ അനുസരണമാണ് നിത്യജീവനിലേക്കെത്തിക്കുന്നത്. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ മുഴുവൻ ആത്മാവിനെ അനുസരിക്കലാണ്. യോർദ്ദാൻവിട്ടു മടങ്ങുന്ന കർത്താവ് മരുഭൂമിയിലേക്ക് നടക്കുന്നത് ആത്മാവിന്റെ ശബ്ദം ശ്രവിച്ചാണ്. തന്റെ ജീവിതത്തിന്റെ ഓരോ തെരഞ്ഞെടുപ്പുകളും ആത്മാവിന്റെ ശബ്ദം ശ്രവിച്ചാണ്. ധനവാനായ മനുഷ്യനിൽ ഇതുവരെ ഒരു പോരാട്ടമുണ്ടായിരുന്നില്ല. കർത്താവ് അതിനുള്ള ഒരു തീപ്പൊരി അവന്റെ ഉള്ളിൽ നിക്ഷേപിക്കുകയാണ്. സക്കായിയുടെ മഹത്വം നാം കണ്ടെത്തുന്നത് ഈ പശ്ചാത്തലത്തിലാണ്. ക്രിസ്തുവിനോടൊത്തുള്ള ആ വൈകുന്നേരത്തെ സഹവാസം അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു പോരാട്ടമുണർത്തി. അതിൽ അയാൾ ജയിക്കുകയും ചെയ്തു. കർത്താവിനെ കണ്ടെത്തിയവരൊക്കെ നിലപാടുകൾ പുതുക്കി സ്വതന്ത്രരായി അവനെ അനുഗമിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ചില സാധാരണക്കാർ അതിൽ വിസ്മയനീയ നിലപാടു പുലർത്തി. ബർത്തിമായിയും മഗ്ദലനക്കാരത്തിയുമൊക്കെ ഉദാഹരണങ്ങൾ. മറ്റുചിലർ ഒഴിവുകഴിവുകൾ പറയുന്നു. ചിലർ മടങ്ങിപ്പോകുന്നു. അവിടുന്ന് അന്വേഷിക്കുന്നത് ശരീരത്തിൽ വിശപ്പുകളനുഭവിക്കുന്ന വരെ മാത്രമല്ല ആത്മാവിലെ കടുത്ത ദാരിദ്ര്യത്തിനുടമകളെയാണ്. ദാരിദ്ര്യത്തിന്റെ രാജകുമാരനാണ് ക്രിസ്തു. ധനം, സുഖം, അധികാരം എന്നിവയ്ക്കു പുറം തിരിഞ്ഞുനിൽക്കുന്ന മഹാപ്രഭു. നാമാകട്ടെ ആ മഹാപ്രഭുവിന്റെ പിൻഗാമികളാകാൻ ധനം, സുഖം, അധികാരം എന്നിവയ്ക്ക് അഭിമുഖമായി പന്തലിട്ടിരിക്കുന്നു. ഇതെവിടെയെത്തും ആശ്ചര്യം തന്നെ!!


## അഡ്മിഷൻ 2012-2013

**ബാംഗ്ലൂരും പരിസരത്തുമുള്ള പ്രശസ്തവും നല്ല വിജയശതമാനവുമുള്ള കോളജുകളിൽ വിവിധ കോഴ്സുകളിലേക്ക് കോളജുകളിൽ നേരിട്ട് ബന്ധപ്പെടുത്തി അഡ്മിഷൻ വാങ്ങികൊടുക്കുന്നതാണ്.**

**No Donation and Less fees**

**Fees Direct to College**

**Course**

**B.Sc.Nursing, GNM, M.Sc.Nursing, PC BSc Nursing with KNC & INC (with Medical College in Banglore City), Engineering (all branches) BDS, B.Pham, D.Pham, BPT, Pham D, M.Tech, Bio-Technology, BCA, BBM, BHM, MCA, MBA, B.Ed, Multmedia, Physical Education (Degree & Dploma) courses and any other courses.**

**Only 75000/- per year for B.Sc.Nursing including hostel, food, transportation, eligibility fees etc., fees installment basis**

**For Admission Contact :**

**K.C.Raju, 63,4th Cross, Vinayaka Layout II Stage, Kempapura, Hebbal, Banglore -24**

**Phone : 080-23434282, 09448507035**

# ക്രിസ്ത്യാനികളും ജീവകാരുണ്യ പ്രവർത്തനവും

പി.ജെ.അലക്സാർ, ചെങ്ങന്നൂർ

ക്രിസ്ത്യാനികളുടെ ജീവിതത്തിൽ ജീവകാരുണ്യ പ്രവർത്തനത്തിനുള്ള പ്രാധാന്യം വി. വേദപുസ്തകത്തിൽ പല ഭാഗത്തും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ലേഖകന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള വേദഭാഗങ്ങൾ താഴെചേർക്കുന്നു. വി.മത്തായി 25:34-42 വരെ വാക്യങ്ങൾ, വി.ലൂക്കോസ് 16:19-25, വി.ലൂക്കോസ് 12:32-34, വി.ലൂക്കോസ് 10:30-37, ആവർത്തനപുസ്തകം 15:7-11, സങ്കീർത്തനം 41:1-4, വി.യാക്കോബ് 5:1-4. മേൽക്കാണിച്ചിരിക്കുന്ന വേദഭാഗങ്ങൾ മനസ്സിരുത്തി ഒന്നു വായിച്ചാൽ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം ബോധ്യമാകും. ഈ ഉപദേശങ്ങൾ പാലിക്കാത്തവർക്ക് സ്വർഗ്ഗം കാണുവാൻ സാധിക്കുമോ എന്ന് ഗൗരവമായി ചിന്തിക്കണം. ഉച്ചഭാഷിണിയിൽക്കൂടി വളരെ ശബ്ദത്തിൽ പ്രസംഗിച്ചതുകൊണ്ടോ പ്രസംഗം കേട്ടതുകൊണ്ടോ മാത്രം ആയില്ല. പ്രവർത്തിയാണ് ശരിയായ പ്രാധാന്യം. ഇക്കാര്യത്തിൽ തിരുവനന്തപുരം നന്ദൻകോട് ഓർത്തഡോക്സ് പള്ളി വന്ദ്യ ടി.ജെ.അലക്സാണ്ടർ അച്ചന്റെ മഹനീയ നേതൃത്വത്തിൽ ചെയ്തുവരുന്ന പ്രശംസനീയമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ വളരെ മാതൃകാപരമാണ്. വളരെ കുറച്ച് മെംബർമാരുള്ള ഒരു ഇടവകയാണത്.

വൻ പള്ളിക്കെട്ടിടങ്ങൾ നിർമ്മിച്ചതുകൊണ്ടോ, പെരുന്നാളുകൾ, ശതാബ്ദികൾ, ജൂബിലി, സപ്തതി ഇവ വൻ ചെലവിൽ അത്യാഡംബരപൂർവ്വം ആഘോഷിച്ചതുകൊണ്ടോ മാത്രം സ്വർഗ്ഗരാജ്യം കാണുകയില്ല. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി നടപ്പാക്കണം. പരിശുദ്ധനായ പരുമല തിരുമേനി, ഭാഗ്യസ്മരണാർഹരായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി, ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി മുതലായവർ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ളത് അറിയാത്തവർ ആരുണ്ട്. സൽപ്രവർത്തനങ്ങൾ കാഴ്ചവെച്ച് സ്വർഗ്ഗരാജ്യത്തിന് അവകാശികളാകാൻ നമുക്ക് പരിശ്രമിക്കാം.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

ക്രിസ്റ്റീന, മൈലപ്ര

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

ജേക്കബ് റാന്നി

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

വി.വി.വർഗീസ്, കോട്ടയം

# മേൽവിലാസത്തിൽ പോസ്റ്റോഫീസും പിൻകോഡും നിർബന്ധം

കെ.കെ.ഡേവിസ്, കോട്ടയം

മേൽവിലാസത്തിൽ തപാൽ വിതരണ പോസ്റ്റോഫീസിന്റെ പേരിനൊപ്പം പിൻകോഡും ചേർക്കണം. പോസ്റ്റൽ ഇൻഡക്സ് നമ്പറിന്റെ ചുരുക്കപ്പേരാണ് പിൻ. 1972 ആഗസ്റ്റ് 15ന് നിലവിൽ വന്ന ഈ സമ്പ്രദായം അനുസരിച്ച് ഇന്ത്യയിലെ തപാൽ വിതരണമുള്ള എല്ലാ പോസ്റ്റോഫീസുകൾക്കും ആറ് അക്കങ്ങളുള്ള പിൻകോഡ് നൽകിയിട്ടുണ്ട്. ബ്രാഞ്ച് പോസ്റ്റോഫീസുകൾ അതിന്റെ അക്കൗണ്ട് ഓഫീസിന്റെ പിൻ ആണ് ഉപയോഗിക്കുന്നത്. ഒന്നരലക്ഷത്തിലേറെ പോസ്റ്റോഫീസുകളും ഓരോ മുൻസപ്പാലിറ്റിയിലും കോർപറേഷനിലും നിരവധി തപാൽ വിതരണ പോസ്റ്റോഫീസുകളും നിലവിലുള്ള ഇന്ത്യയിൽ പിൻകോഡിന്റെ ഉപയോഗം തപാൽ വിതരണത്തിന് വേഗതയും കൃത്യതയും നൽകുന്നു.

പിൻകോഡിന്റെ ആദ്യത്തെ മൂന്ന് അക്കങ്ങൾ കണ്ടാൽ പോസ്റ്റോഫീസ് ഏത് സംസ്ഥാനത്തെ ഏത് സോർട്ടിംഗ് ജില്ലയിലാണെന്ന് പറയാൻ കഴിയും. ഉദാഹരണത്തിന് 1 തുടങ്ങുന്ന പിൻകോഡ് ജമ്മു-കാശ്മീർ, ഡൽഹി എന്നീ പ്രദേശങ്ങളിലെ പോസ്റ്റോഫീസുകൾക്കുള്ളതാണ്. കേരളത്തിലെയും അയൽസംസ്ഥാനമായ തമിഴ്നാട്ടിലെയും പോസ്റ്റോഫീസുകളുടെ പിൻ 6ൽ തുടങ്ങുന്നു.

ഇനി 67 മുതൽ 69 വരെയുള്ള ആദ്യ രണ്ട് അക്കങ്ങൾ കണ്ടാൽ അത് കേരളത്തിനുള്ളതാണെന്ന് സ്പഷ്ടം. മൂന്നാമത്തെ അക്കം കൂടി ചേർന്നാൽ സോർട്ടിംഗ് ജില്ലയായി. 670 കണ്ണൂർ സോർട്ടിംഗ് ജില്ലയുടേതാണ്. 680 തൃശൂർ, 686 കോട്ടയം, 695 തിരുവനന്തപുരം സോർട്ടിംഗ് ജില്ലകൾ ഇങ്ങനെ പോകുന്നു. സോർട്ടിംഗ് ജില്ലാ നമ്പറിനൊപ്പം തുടർന്നുള്ള മൂന്നക്കങ്ങൾകൂടി ചേർന്നാൽ അതാത് സോർട്ടിംഗ് ജില്ലയിലെ പോസ്റ്റോഫീസ് നമ്പറുകളായി. ഇങ്ങനെ നോക്കുമ്പോൾ പിൻകോഡിലെ ആദ്യത്തെ മൂന്ന് അക്കങ്ങൾ എസ്.ടി.ഡി. കോഡുപോലെയാണ്. കൃത്യമായ മേൽവിലാസം പിൻകോട് സഹിതം ചേർക്കാത്ത ധാരാളം കത്തുകൾ കോട്ടയം ടൗണിലെ ഇതര ഡെലിവറി സബ് പോസ്റ്റോഫീസിലേക്കുള്ളവയും ഹെഡ്പോസ്റ്റോഫീസിൽ (686001) വരുന്നുണ്ട്. കോട്ടയം കളക്ട്രേറ്റ് പോസ്റ്റോഫീസിന്റെ പിൻ 686002-ഉം, കോട്ടയം വെസ്റ്റ് പോസ്റ്റോഫീസിന്റെ പിൻ 686003-ഉം ആണ്. ഇത് മനസ്സിലാക്കി മേൽവിലാസം പിൻകോഡ് സഹിതം എഴുതിയില്ലെങ്കിൽ കത്തുകൾ പല പോസ്റ്റോഫീസുകൾ കയറിയിറങ്ങാനും തൽഫലമായി തപാൽ വിതരണത്തിൽ കാലതാമസം നേരിടുവാനും സാധ്യതയുണ്ട്. ഇ-മണിയോർഡർ അയക്കാനും സ്പീഡ് പോസ്റ്റായും രജിസ്ട്രേഡായും കകത്തുകളയക്കാനും പിൻകോഡ് നിർബന്ധമാണ്. വ്യക്തികളും സ്ഥാപനങ്ങളും വിസിറ്റിംഗ് കാർഡ്, റബർസ്റ്റാമ്പ്, ലെറ്റർപാഡ്, നെയിംബോർഡ്, ഓഫീസ്ബോർഡ്, രസീതുകൾ തുടങ്ങിയ എല്ലാ സ്റ്റേഷനറികളും തപാൽവിതരണ പോസ്റ്റോഫീസിനൊപ്പം പിൻകോഡുകളും ഉൾപ്പെടുത്തുക. മറ്റുള്ളവരുടെ മേൽവിലാസം ശേഖരിക്കുമ്പോഴും സ്വന്തം മേൽവിലാസം കൈമാറുമ്പോഴും പിൻകോഡുണ്ടെന്ന് ഉറപ്പുവരുത്തുക. ഇ-മെയിലിൽ സിഗ്നേച്ചർ സെറ്റ്ചെയ്യുമ്പോൾ പിൻകോഡുകളുംകൂടി ഉൾപ്പെടുത്താൻ മറക്കരുത്. പിൻകോഡിനെക്കുറിച്ചും തപാൽ വകുപ്പിന്റെ വിവിധ സേവനമേഖലകളെക്കുറിച്ചും കൂടുതൽ അറിയുവാൻ www.indiapostgov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കുവരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

Vol. 18 Issue 24
October 16-31

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

## ചിരിവര ——— ജോയി കുളനട




## ഭാരതത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ പ്രസക്തി ഏറുന്നു : ഡോ. സഖറിയാ മാർ അപ്രേം

അടൂർ : ഭാരതത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ഉണ്ടായ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ 1912-ലെ കാതോലിക്കാ സ്ഥാപനത്തെ കാണുമ്പോൾ അതിന്റെ പ്രസക്തി ഏറുന്നു എന്ന് അടൂർ ഭദ്രാസനത്തിന്റെ ഡോ.സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. സഭയുടെ സ്വാതന്ത്ര്യത്തിന്റെയും ദേശീയതയുടെയും പ്രതീകമാണ് കാതോലിക്കേറ്റ് എന്നും അദ്ദേഹം പറഞ്ഞു.

അടൂർ-കടമ്പനാട് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അടൂർ കണ്ണംകോട് പള്ളിയിൽ നടന്ന കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഫാ.ഡോ.എം.ഒ.ജോൺ മുഖ്യപ്രഭാഷണം നടത്തി. പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന മാവേലിക്കര സുന്നഹദോസ് മുളന്തുരുത്തി സുന്നഹദോസ്, കോടതിവ്യവഹാരങ്ങൾ തുടങ്ങിയവയിലൂടെ അസ്വാതന്ത്ര്യത്തിലേക്ക് പോയ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള തിരിച്ചുവരവാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനമെന്ന് ഫാ.ഡോ.എം.ഒ.ജോൺ പറഞ്ഞു. ചിറ്റയം ഗോപകുമാർ എം.എൽ.എ., ഫാ.തോമസ് മാത്യു, ഫാ. പിജി.കുര്യൻ, ഫാ.ജേക്കബ് കോശി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു ജോർജ്, കെ.എൽ. ഡിസി. ചെയർമാൻ ബെന്നി കക്കാട്, നഗരസഭാ ചെയർമാൻ ഉമ്മൻ തോമസ്, തോമസ് മാത്യു, അജി പാണ്ടിക്കുടി തുടങ്ങിയവർ പ്രസംഗിച്ചു.

## പ.ചേപ്പാട് മാർ ദീവന്നാസിയോസ് തിരുമേനിയുടെ കബറിങ്കൽ വിദ്യാരംഭം

ചേപ്പാട് : മലങ്കരസഭയുടെ തീർത്ഥാടനകേന്ദ്രമായ ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കര മെത്രാപ്പോലീത്താ പുണ്യശ്ലോകനായ ചേപ്പാട് മാർ ദീവന്നാസിയോസ് തിരുമേനിയുടെ കബറിങ്കൽവെച്ച് ഇടവകയുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വിദ്യാരംഭദിനമായ 2012 ഒക്ടോബർ 24 വ്യാഴാഴ്ച രാവിലെ വി.കുർബ്ബാനാനന്തരം ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ തേവോദോസിയോസ് തിരുമേനി കുഞ്ഞുങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്നു നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9745693892, 9605877866

പ.ചേപ്പാട് മാർ ദീവന്നാസിയോസ് തിരുമേനിയുടെ നാമത്തിൽ ചേപ്പാട് മാർ ദീവന്നാസിയോസ് ഓർത്തഡോക്സ് യൂത്ത് പ്രയർഗ്രൂപ്പ് ഏർപ്പെടുത്തിയിരിക്കുന്ന പ്രസ്തുത അവാർഡ് പ.പിതാവിന്റെ 157-ാം ഓർമ്മപ്പെരുന്നാൾദിനമായ ഒക്ടോബർ 12ന് പ.കാതോലിക്കാ ബാവാ തിരുമേനി സമ്മാനിക്കും

## വീട്ടിൽ ഒരു അടുക്കളതോട്ടം പദ്ധതി ഉദ്ഘാടനം ചെയ്തു

മല്ലപ്പള്ളി : പാതിക്കാട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകയുടെ ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വീട്ടിൽ ഒരു അടുക്കളതോട്ടം -ജൈവകൃഷിരീതിയെപ്പറ്റി സെമിനാർ നടത്തപ്പെട്ടു. തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിലെ പ്രൊഫസർ ഡോ.സജീന ക്ലാസ്സ് നയിച്ചു. വികാരി ഫാ.ജോൺ മാത്യു ഉദ്ഘാടനം ചെയ്തു. ട്രസ്റ്റി കെ.എം.തോമസ്, യുവജനപ്രസ്ഥാനം സെക്രട്ടറി ഷിബു ഐരുത്തറ, സജി ഈപ്പൻ എന്നിവർ പ്രസംഗിച്ചു. ഇടവകയിലെ എല്ലാ ഭവനങ്ങളിലും പച്ചക്കറിവിത്തുകൾ എത്തിച്ച് ഏറ്റവും നല്ല അടുക്കളതോട്ടത്തിന് സമ്മാനവും നൽകും.

## സഭാതർക്കം പരിഹരിക്കാൻ ഉപസമിതി

തിരുവനന്തപുരം : ഓർത്തഡോക്സ് - യാക്കോബായ സഭാതർക്കം പരിഹരിക്കാൻ ഉപസമിതിയെ രൂപവത്ക്കരിക്കാൻ മന്ത്രിസഭ തീരുമാനിച്ചു. കെ.എം.മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, എം.കെ.മുനീർ, കെ.ബാബു എന്നിവർ സമിതിയംഗങ്ങളാണ്.

## കേരളാ കോൺഗ്രസ്സ്...പേജ് 1-ൽനിന്ന്

ക്കിയത്.

കഴിഞ്ഞ നിയമസഭയിലെ സിറ്റിംഗ് എം.എൽ.എ. ആയിരുന്ന ജോസഫ് എം.പുതുശ്ശേരിക്ക് പ്രത്യേക കാരണമൊന്നുമില്ലാതെ സീറ്റ് നിഷേധിച്ചത് അനീതിയായിരുന്നുവെന്നും പാർട്ടി നേതൃത്വം അത് തിരുത്തുന്നതിൽ സന്തോഷമുണ്ടെന്നും ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്തായും വർക്കിംഗ് കമ്മിറ്റി അംഗവുമായ തോമസ് മാർ അത്താനാസിയോസ് അഭിപ്രായപ്പെട്ടു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഓർത്തഡോക്സ് സഭ ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിച്ച് മദ്ധ്യതിരുവിതാംകൂറിൽ പ്രതികരിച്ചു എന്നും മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു.


പുതുശ്ശേരി - ഓർത്തഡോക്സ് ഫാക്ടറുകളുടെ പ്രതിഫലനം മാവേലിക്കര, കായംകുളം, അടൂർ, റാന്നി, കോട്ടയം, ഏറ്റുമാനൂർ, കുന്നംകുളം തുടങ്ങിയ മണ്ഡലങ്ങളിലും ഉണ്ടായിരുന്നുവെന്ന് വക്കം പുരുഷോത്തമന്റെ നേതൃത്വത്തിലുണ്ടായിരുന്ന യു.ഡി.എഫ്. അവലോകനസമിതിയും വിലയിരുത്തി എന്നാണറിയുന്നത്.

## മന്ത്രി കെ.എം.മാണി പ.കാതോലിക്കാ ബാവായെ സന്ദർശിച്ചു ചർച്ച നടത്തി

കോട്ടയം : കേരളാ കോൺഗ്രസ് ചെയർമാനും ധനകാര്യമന്ത്രിയുമായ കെ.എം.മാണി ദേവലോകം അരമനയിലെത്തി പ.കാതോലിക്കാ ബാവായെ സന്ദർശിച്ച് ഒരുമണിക്കൂർ ചർച്ച നടത്തി.

നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ജോസ് കെ.മാണി എം.പി., ജോസഫ് എം.പുതുശ്ശേരി, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ജേക്കബ് കുരുവിള വട്ടക്കുന്നേൽ, ജോൺ സഖറിയാ (ആലുവ) എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

## 1ST DEATH ANNIVERSARY



**BORN - 28/11/1923 DEATH - 28/11/2011**

**Very.Rev.K.G.Geevarghese Corepiscopa**

**Inserted By :** ST.GEORGE ORTHODOX VALIYAPALLY, KELAKOM

28-11-2012-ൽ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ കേളകം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor